## അടിയന്തരപ്രമേയം

### ശ്രീ. ഇ. പി. ജയരാജൻ വധോദ്യമകേസ്

മി. സ്പീക്കർ: ശ്രീ. ഇ.പി. ജയരാജൻ വധോദ്യമ ഗൂഢാലോചനയിൽ പങ്കാളിയായ പ്രശാന്ത് ബാബു തന്റെയും അന്നത്തെ ഡി.സി.സി. പ്രസിഡന്റി ന്റെയും പങ്കാളിത്തവും നാല്പാടി വാസുവധം, സേവറി ഹോട്ടൽ നാണു വധം തുടങ്ങിയ സംഭവങ്ങളിലെ മറ്റുള്ളവരുടെയും പങ്കുകൾ വെളിപ്പെടുത്തി യതിനെ തുടർന്ന് പോലീസ് ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാത്തതിനാൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി.എസ്. സുനിൽ കുമാർ, ജോസ് തെറ്റയിൽ, എ.എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇവിടെ പ്രധാനപ്പെട്ട മൂന്നു കേസുകളെക്കുറിച്ചാണ് സൂചിപ്പിച്ചിട്ടുള്ളത്. ശ്രീ. ഇ. പി. ജയരാജൻ വധോദ്യമ കേസ്സിലെ ഗൂഢാലോചന സംബന്ധിച്ചും നാല്പാടി വാസുവധം, സേവറി ഹോട്ടലിലെ നാണുവധം തുടങ്ങിയ സംഭവങ്ങളെക്കുറിച്ചുമാണ് ഇവിടെ സൂചിപ്പിച്ചത്. ശ്രീ. പ്രശാന്ത് ബാബുവിന്റെ വെളിപ്പെടുത്തലിനെ തുടർന്നാണ് ഈ കേസ്സുകളെക്കുറിച്ച് ഇപ്പോഴിവിടെ സൂചിപ്പിക്കാൻ കാരണമെന്ന് നോട്ടീസിനകത്ത് പറഞ്ഞിട്ടുണ്ട്. നാല്പാടി വാസുവിന്റെ വധം സംബന്ധിച്ച കേസ്സിൽ 12 പ്രതികളുണ്ടായിരുന്നു. ശ്രീ. പ്രശാന്ത് ബാബു അതിൽ

12-ാമത്തെ പ്രതിയായിരുന്നു. 1996-ൽ അന്നത്തെ മുഖ്യമന്ത്രി ഇ. കെ. നായനാരുടെ ഗവൺമെന്റിന്റെ കാലത്ത് ഈ കേസ്സിൽ സി.ആർ.പി.സി. 173(8) അനുസരിച്ച് ഒരു തുടരന്വേഷണം നടത്തുകയുണ്ടായി. ആ തുടരന്വേഷണത്തിനുശേഷം ശ്രീ. കെ. സുധാകരനെകൂടി ഇതിനകത്ത് പ്രതിയാക്കി ചേർക്കുകയും ചെയ്തു. തലശ്ശേരി അഡീഷണൽ സെഷൻസ് കോടതി ആ കേസ്സിലെ എല്ലാ പ്രതികളെയും വെറുതെ വിട്ടതാണ്. അതിനുശേഷം ഈ സഭയിലെ അംഗമായിട്ടുള്ള ശ്രീ. ഇ. പി. ജയരാജൻ ഈ സംഭവത്തെക്കുറിച്ച് ഒരു കേസ് 120(ബി) ചേർത്ത് തിരുവനന്തപുരം മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിക്കുകയുണ്ടായി. ആ കേസ്സിന്റെ അന്വേഷണത്തിൽ തലശ്ശേരിയിൽവച്ച് ശ്രീ. കെ. സുധാകരനെ അറസ്റ്റ് ചെയ്തു. അതിനുശേഷം ആ കേസ് വേറൊരു ഘട്ടത്തിലെത്തിയപ്പോൾ ശ്രീ. ഇ. പി. ജയരാജൻതന്നെ ഹൈക്കോടതിയിൽ ഹർജി ബോധിപ്പിച്ചതാണ്. ഹൈക്കോടതിയിലും ആ കേസ് തള്ളിപ്പോയി. സുപ്രീം കോടതി പിന്നീട് ആ കേസ് ഫയലിൽ സ്വീകരിക്കുകയും ചെയ്തില്ല. ഇതുമായി ബന്ധപ്പെട്ട് ശ്രീ. കെ. സുധാകരൻ നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് തലശ്ശേരി സബ് കോടതിയിൽ ഒരു കേസ് കൊടുത്തിട്ടുണ്ട്. ആ കേസ് നിൽക്കുന്നതിനാൽ സബ്ജുഡീസ് ആകാൻ സാധ്യതയുള്ളതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. സേവറി ഹോട്ടലാക്രമണ കേസ്സിൽ ശ്രീ. കെ. സുധാകരൻ പ്രതിയല്ലായിരുന്നു, അതിലുണ്ടായിരുന്ന പ്രതികളെയെല്ലാം അക്വിറ്റ് ചെയ്തു. ആ കേസ്സിനെ സംബന്ധിച്ചാണെങ്കിൽ കോടതി വിട്ട കേസ്സാണ്. എന്നാലും ആ കേസ്സിന്റെ കാര്യം ഇപ്പോൾ ഇവിടെ സൂചിപ്പിക്കുകയാണ്. ഈ മൂന്നു കേസ്സുകളാണ് ഇവിടെ പ്രധാനമായി പറഞ്ഞിട്ടുള്ളത്. ഈ കേസ്സുകളെ സംബന്ധിച്ച് ഒരു

തർക്കം പറഞ്ഞിട്ടുണ്ട്. ശ്രീ. കെ. സുധാകരൻ പ്രതിയാകാതെ പോയ ഒരു കേസ്സിനെ സംബന്ധിച്ചാണ് തർക്കം ഉന്നയിച്ചത്. അതുകൊണ്ട് ഒരു വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ, ഈ വെളിപ്പെടുത്തൽ മറ്റ് പല വെളിപ്പെടുത്തലുകളേക്കാൾ വ്യത്യസ്തമാണ്. സെൽഫ് ഇൻക്രിമിനേറ്റിംഗായിട്ടുള്ളതും ഒരു കൺഫെഷൻ സ്റ്റേറ്റ്മെന്റുപോലെയും വരുന്ന ഒരു വെളിപ്പെടുത്തലായി ഇതിനെ എടുക്കാൻ കഴിയില്ല. എന്നാൽപ്പോലും....... ... (തടസ്സം)... ഞാൻ പറയട്ടെ. ... ... (തടസ്സം)...

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്.... അടിയന്തിര പ്രമേയാവതാരകന് പറയാനുള്ള അവകാശമുണ്ടല്ലോ. നിങ്ങൾ ഇരിക്കൂ. അടിയന്തിര പ്രമേയാവതാരകന് ഈ ഫ്ളോറിൽ പറയാനുള്ളത് പറയാം. .... ... (തടസ്സം)...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതിൽ കൂടുതൽ എന്ത് ശാന്തത കാണിക്കാനാണ്. .... ... (തടസ്സം)...

മി. സ്പീക്കർ: മിനിസ്റ്റർ തുടങ്ങിയതല്ലേയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇങ്ങനെ വെളിപ്പെടുത്തിയ ഒരു സാഹചര്യത്തിൽ അതിനെക്കുറിച്ച് അന്വേഷിക്കണമെന്ന് പല കേന്ദ്രങ്ങളിൽനിന്നും പ്രമുഖരായിട്ടുള്ള ആളുകളുടെ ആവശ്യമുയർന്നു. ഗവൺമെന്റ് അതിന് ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്. ഐ.ജി. ഗോപിനാഥിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ... (തടസ്സം)... ഐ.ജി. ഗോപിനാഥിനെ വയ്ക്കാനുള്ള കാരണം ഇപ്പോൾ അദ്ദേഹത്തിനാണ് ആ റേഞ്ചിന്റെ ചാർജ്ജുള്ളത്. അപ്പോൾ അദ്ദേഹം തന്നെ അന്വേഷിക്കട്ടെ. വ്യത്യസ്തമായ അഭിപ്രായങ്ങൾ വരികയാണെങ്കിൽ അപ്പോൾ ആലോചിക്കാം. ഗവൺമെന്റിന്റെ മുമ്പിൽ ഒരു ഇഷ്യൂ വന്നു. ഗവൺമെന്റ് ആ ഇഷ്യൂവിനെക്കുറിച്ച് പോസിറ്റീവായൊരു നിലപാടെടുത്തു. അന്വേഷണം വേണമെന്ന് പറഞ്ഞു, അന്വേഷിക്കുന്നതിനു

വേണ്ടി അവിടെ ചാർജ്ജുള്ള ഐ.ജി. ഗോപിനാഥിനെ ചുമതലപ്പെടുത്തി. ഐ.ജി.ഗോപിനാഥിന്റെ ബാക്ക്ഗ്രൗണ്ട് നോക്കിയാൽ മുൻ ഗവൺമെന്റ് അദ്ദേഹത്തെ ഇവിടെ സിറ്റി കമ്മീഷണറായി നിയമിച്ചിട്ടുണ്ട്. അദ്ദേഹത്തെ അത്യുന്നതമായ ചില ജോലികൾ ഏൽപ്പിച്ചിട്ടുമുണ്ട്. അഞ്ചുവർഷക്കാലവും മുൻ ഗവൺമെന്റിന്റെ ഗുഡ്ബുക്കിൽ തന്നെയുണ്ടായിരുന്ന വ്യക്തിയായിട്ടാണ് റിക്കോർഡുകൾ പരിശോധിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്. ഇനി എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അപ്പോൾ ആലോചിക്കാം. അതുകൊണ്ട് ഐ.ജി. ഗോപിനാഥ് തന്നെ അന്വേഷിക്കട്ടെ. ആ അന്വേഷണത്തിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ ഗവൺമെന്റ് ശക്തമായ നടപടികളുമായി മുന്നോട്ടുപോകും. ഗവൺമെന്റിന് ഇക്കാര്യത്തിൽ പക്ഷപാതപരമായ സമീപനമില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ വളരെ ട്രാൻസ്പേരന്റായി. പോകാനാണ് ആഗ്രഹിക്കുന്നത്. ഞാൻ ഒന്ന് പറഞ്ഞോട്ടെ. നിങ്ങൾ അന്വേഷിക്കണമെന്ന് പറയുന്നതിനുമുമ്പുതന്നെ കേരളത്തിലെ പ്രമുഖമായ ആളുകൾ അത് അന്വേഷിക്കണമെന്നു പറഞ്ഞു. ഞാൻ ആ ആളുകളുടെ പേര് വെളിപ്പെടുത്തുന്നില്ല. അന്വേഷിക്കണമെന്നു പറഞ്ഞപ്പോൾ ഗവൺമെന്റ് അത് മുഖവിലയ്ക്കെടുത്ത് അവിടെ ചാർജ്ജുള്ള ഐ.ജി.യെ അതിന് ചുമതലപ്പെടുത്തി. അന്വേഷിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് എഴുതിയ ഒരു കടലാസ്സുപോലും ഗവൺമെന്റിന്റെ കയ്യിൽ കിട്ടിയിട്ടില്ല. അന്വേഷണത്തിന്റെ റിപ്പോർട്ട് വന്നാൽ ഗവൺമെന്റ് വളരെ പോസീറ്റീവായി, പക്ഷപാതരഹിതമായി, നിരാക്ഷേപകരമായ രൂപത്തിൽ ഈ കേസ് കൈകാര്യം ചെയ്യുന്നതാണ്. അതുകൊണ്ട് അങ്ങേയ്ക്കുള്ള എല്ലാ തെറ്റിദ്ധാരണകളും മാറ്റണം. സമാധാനപരമായ അന്തരീക്ഷത്തിൽ ഇത് നമുക്ക് ശാന്തമായി കൊണ്ടുപോകണം. അതാണ് ഗവൺമെന്റിന് പറയാനുള്ളത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഈ നിയമസഭയിലെ അംഗമായിട്ടുള്ള ബഹുമാനപ്പെട്ട സഖാവ് ഇ.പി. ജയരാജനെ വെടിവച്ചുകൊല്ലാൻ നടത്തിയ സംഭവത്തിലാണ് ഇപ്പോൾ പുതിയ ചില വെളിപ്പെടുത്തലുകൾ പുറത്തുവന്നിരിക്കുന്നത്. 1991–96 കാലത്ത് കണ്ണൂർ ജില്ലയിൽ ഒട്ടേറെ സംഭവങ്ങൾ നടന്നിരുന്നു. അതിന്റെ ഭാഗമായി അന്ന് പുറത്തുവരാത്ത കുറച്ചു വിവരങ്ങളാണ് ശ്രീ. പ്രശാന്ത് ബാബു എന്നു പറയുന്ന പഴയ ഡി.സി.സി. ഓഫീസ് സെക്രട്ടറിയും കോൺഗ്രസ്സിന്റെ അവിടെത്തെ മുനിസിപ്പൽ കൗൺസിലറും ശ്രീ. കെ. സുധാകരന്റെ അന്നത്തെ ഡ്രൈവറുമായിരുന്ന വ്യക്തി ഇപ്പോൾ പരസ്യമായി മാധ്യമങ്ങളോട് വെളിപ്പെടുത്തിയിരിക്കുന്നത്. ഈ വെളിപ്പെടുത്തലുകൾ നടത്തിയ ശ്രീ. പ്രശാന്ത് ബാബു നാല്പാടി വാസുവധക്കേസിലെ പ്രതിയാണ്. ഇതേ പ്രശാന്ത് ബാബുതന്നെ സേവറി ഹോട്ടലാക്രമണത്തിൽ നാണു വധിക്കപ്പെട്ട കേസ്സിലും പ്രതിയാണ്. അത്തരം കേസ്സുകളിൽ പ്രതിയായിട്ടുള്ള ഒരാളാണ് പങ്കാളിത്തം വഹിച്ചിട്ടുള്ള മറ്റുള്ളവരുടെ പേരുവിവരം വെളിപ്പെടുത്തിയിരിക്കുന്നത് എന്നതാണ് പ്രധാനം. അതാണ് അന്നു പുറത്തുവരാത്തവിധം ഇപ്പോൾ കൺഫെഷൻ സ്റ്റേറ്റ്മെന്റ് എന്നുള്ള നിലയിൽ ശ്രീ. പ്രശാന്ത് ബാബുവിന്റെ വെളിപ്പെടുത്തലായി പുറത്തു വന്നിരിക്കുന്നത്. ഇതോടൊപ്പംതന്നെ കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ടി.കെ.ബാലൻ, അദ്ദേഹം പിന്നീട് എം.എൽ.എ.യായി. അദ്ദേഹത്തിന്റെ വീട് ആക്രമിച്ചപ്പോൾ മകൻ ഹിതേഷിന്റെ ഒരു കണ്ണ് നഷ്ടപ്പെട്ടു. ആ സംഭവം സംബന്ധിച്ചുള്ള വിവരം ഇപ്പോൾ പുറത്തുവന്നിരിക്കുന്നു. കോ–ഓപ്പറേറ്റീവ് പ്രസ് ആക്രമിച്ച് പ്രശാന്തനെ വെട്ടിയ സംഭവത്തിന്റെ വിവരങ്ങൾ പുറത്തുവന്നിരിക്കുന്നു. ചൊവ്വ കോ–ഓപ്പറേറ്റീവ് ബാങ്കിൽ കയറി വിനോദിനെ വെട്ടിയ സംഭവത്തിന്റെ വിവരങ്ങളും പുറത്തുവന്നി

രിക്കുന്നു. പുറത്തുവന്ന വിവരങ്ങളിൽ പ്രധാനമായിട്ടുള്ള പ്രശ്നം ഇതിൽ പ്രതി ചേർക്കപ്പെട്ടവരൊന്നുമായിരുന്നില്ല സംഭവം നടത്തിയത് എന്നുള്ളതാണ്. വാടക ക്രിമിനലുകളെ ഉപയോഗിച്ചുകൊണ്ടാണ് ആ സംഭവങ്ങളെല്ലാം ചെയ്തത് എന്നുള്ള ഞെട്ടിപ്പിക്കുന്ന വിവരമാണ് ശ്രീ. പ്രശാന്ത് ബാബുവിൽ കൂടി പുറത്തുവന്നിരിക്കുന്നത്. അതാണ് ഈ സംഭവത്തിന്റെ ഗൗരവം വർദ്ധിപ്പിച്ചിരിക്കുന്നത്. പേരാവൂരിൽ ശ്രീ. സുധാകരന്റെ കാറിനു നേരെ ബോംബാക്രമണമുണ്ടായശേഷമാണ് സി.പി.ഐ.(എം)-ന്റെ ഒരു ഉന്നതനേതാവിനെ അപായപ്പെടുത്താൻ തീരുമാനിച്ചത് എന്ന് ശ്രീ. പ്രശാന്ത് ബാബു പറയുന്നു. പിണറായി വിജയൻ, കോടിയേരി ബാലകൃഷ്ണൻ, ഇ.പി. ജയരാജൻ എന്നിവരിൽ ഒരാളെ കൊലപ്പെടുത്താനായിരുന്നു നിർദ്ദേശമെന്നും ഇദ്ദേഹം പറയുന്നു. ശ്രീ. കെ. സുധാകരന്റെ എടയ്ക്കാട്ടു നടാലിലെ വീട്ടിലും ഡി.സി.സി. ഓഫീസിലും ഇതേക്കുറിച്ച് പലപ്പോഴായി ഗൂഢാലോചനകൾ നടന്നു. ഒരു ദിവസം നടാലിലെ വീട്ടിലേയ്ക്ക് എന്നെ വിളിപ്പിച്ചു. അഡ്വ. ടി. പി. ഹരീന്ദ്രൻ, കാപ്പാടൻ രമേശൻ, കക്കാട് ബാബുക്ക, മനോജ് തുടങ്ങിയവർ അവിടെയുണ്ടായിരുന്നു. ഇത് പുതിയ വിവരമാണ്, അദ്ദേഹത്തിന്റെ കൺഫെഷൻ സ്റ്റേറ്റ്മെന്റാണ്. ശ്രീ. പ്രശാന്ത് ബാബു പറയുകയാണ്, ‘അവിടെ ഉണ്ടായിരുന്ന എന്നോട് തൃപ്പയാർ ക്ഷേത്രത്തിനടുത്തുപോയി ക്വട്ടേഷൻ ടീമിനെ വാഹനത്തിൽ കണ്ണൂരിൽ എത്തിക്കണമെന്ന് സുധാകരേട്ടൻ ആവശ്യപ്പെട്ടു. തൃപ്രയാർ ക്ഷേത്രത്തിനടുത്തുള്ള ത്രിമൂർത്തി എന്ന ക്വട്ടേഷൻ സംഘത്തലവനെ നേരത്തെ അറിയാം. ഒരു തവണ സുധാകരേട്ടൻ പറഞ്ഞ പ്രകാരം തൃപ്രയാറിൽ നിന്ന് കണ്ണൂർ ഡി.സി.സി യുടെ വാഹനത്തിൽ സംഘത്തെ എറണാകുളത്ത് എത്തിച്ചിട്ടുണ്ട്. ആ പരിചയം വച്ചാണ്

എന്നോട് ആവശ്യപ്പെട്ടത്. അന്ന് ഞാൻ കണ്ണൂർ കാർഷിക വികസന ബാങ്കിൽ ജോലി ചെയ്യുകയായിരുന്നു. ജോലിയുടെ കാര്യം പറഞ്ഞ് ഒഴിഞ്ഞുമാറി. ക്വട്ടേഷൻ സംഘത്തെ ഉപയോഗിച്ച് ശ്രീ. ഇ. പി. ജയരാജനെ കൊലപ്പെടുത്താനായിരുന്നു പദ്ധതി. ഇതിനാവശ്യമായ ആയുധം വാങ്ങിയത് കാസർഗോഡ് കരിമ്പിൽ കൃഷ്ണൻ എന്ന ആളിൽ നിന്നാണ്.'. ഇത് കൺഫെഷൻ സ്റ്റേറ്റുമെന്റാണ്. ഇതൊരു പുതിയ വിവരമാണ്. കരിമ്പിൽ കൃഷ്ണൻ ഇപ്പോൾ കെ.പി.സി.സി മെമ്പറാണ്. ഇദ്ദേഹമാണ് ആയുധങ്ങൾ സംഘടിപ്പിച്ചുകൊടുത്തത് എന്നത് പുതിയ വെളിപ്പെടുത്തലാണ്. കരിമ്പിൽ കൃഷ്ണനുമായി ആലോചിച്ച് മാതൃഭൂമി മംഗലാപുരം ലേഖകനായ കതിരൂർ സ്വദേശി ശ്രീ. പി. പി. രാജീവനെ ദൗത്യം ഏല്പ്പിച്ചു. ശ്രീ. പി. പി. രാജീവൻ മുഖേനയാണ് കേസ്സിൽ പിടിയിലായ വാടകക്കൊലയാളികളായ പേട്ട ദിനേശനും വിക്രംലാൽ ശശിയും രംഗത്ത് വരുന്നത്. കാര്യങ്ങൾ നടത്താൻ സാമ്പത്തിക സഹായം നല്കിയത് തൃശൂർ, എറണാകുളം എന്നിവിടങ്ങളിലെ അബ്കാരികളാണ്. തോക്ക് ആര് നല്കി എന്ന് സുധാകരേട്ടനു മാത്രമേ അറിയൂ. ശ്രീ. കെ. സുധാകരനെ അറസ്റ്റ് ചെയ്ത് ക്വസ്റ്റ്യൻ ചെയ്താൽ മാത്രമേ തോക്ക് എവിടെ നിന്ന് കിട്ടി എന്നുള്ളത് അറിയാൻ സാധിക്കൂ എന്ന് ശ്രീ. പ്രശാന്ത് ബാബു പറഞ്ഞിരിക്കുകയാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ. കെ. സുധാകരനെ ഉടനെ അറസ്റ്റ് ചെയ്യണം. ഈ തോക്ക് എവിടെ നിന്നാണ് കിട്ടിയതെന്ന് അന്വേഷിച്ച് കണ്ടെത്തണം. ഇതിന്റെ തുടർച്ചയായി ജില്ലയിൽ വൻ കലാപം ഉണ്ടാക്കാനും ശ്രീ. കെ. സുധാകരൻ പദ്ധതിയിട്ടിരുന്നു എന്നും ശ്രീ. പ്രശാന്ത് ബാബു വെളിപ്പെടുത്തിയിരിക്കുകയാണ്. സേവറി ഹോട്ടലിൽ ബോംബെറിഞ്ഞ് നാണുവിനെ കൊലപ്പെടു

ത്തിയത് 1992 ജൂൺ 13 –ന് ആയിരുന്നു. അത് ശ്രീ. കെ. സുധാകരൻ ഏർപ്പെടുത്തിയ തൃശ്ശൂരിൽ നിന്നുള്ള ക്വട്ടേഷൻ സംഘമായിരുന്നുവെന്ന് ശ്രീ. പ്രശാന്ത് ബാബു പറഞ്ഞു. യഥാർത്ഥ സംഭവം ചെയ്തവരെയല്ല ആ കേസിൽ പ്രതികളായി രേഖപ്പെടുത്തിയിട്ടുള്ളത് എന്ന ഞെട്ടിപ്പിക്കുന്ന വെളിപ്പെടുത്തലുകളാണ് പുറത്തുവന്നിരിക്കുന്നത്. കണ്ണൂരിലെ എല്ലാ കുഴപ്പങ്ങൾക്കും പിന്നിൽ സേവറി ഹോട്ടലിലെ ശ്രീ. രാജനാണ് എന്നുപറഞ്ഞാണ് ഹോട്ടൽ ആക്രമിക്കാൻ തീരുമാനിച്ചത്. എന്നാൽ ക്വട്ടേഷൻ സംഘത്തിന് ആളെ അറിയില്ലായിരുന്നു. അവരുടെ ബോംബേറിൽ കൊല്ലപ്പെടുകയായിരുന്നു എന്ന് ശ്രീ. പ്രശാന്ത് ബാബു പറയുന്നു. ഇതിന്റെ തലേദിവസം കണ്ണൂർ കോ–ഓപ്പറേറ്റീവ് പ്രസ്സിൽ കയറി ശ്രീ. പ്രശാന്തിനെ ആക്രമിച്ചതും ശ്രീ. കെ. സുധാകരൻ നിയോഗിച്ച ക്വട്ടേഷൻ സംഘമാണ്. അതിലും പ്രതികൾ വേറെയാണ്. യഥാർത്ഥ പ്രതികളെ ഒഴിവാക്കി നിരപരാധികളെ പ്രതിയാക്കാൻ അന്നത്തെ യു.ഡി.എഫ്– സർക്കാരിന്റെ സ്വാധീനം ശ്രീ. കെ. സുധാകരൻ പ്രയോജനപ്പെടുത്തി. ഡി.സി.സി പ്രസിഡന്റും എടക്കാട് എം.എൽ.എ–യും ആയിരുന്ന ശ്രീ. കെ. സുധാകരൻ കല്പ്പിക്കുന്ന പ്രകാരമാണ് അന്ന് കണ്ണൂരിലെ പോലീസ് പ്രവർത്തിച്ചത്. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും, പാർട്ടിക്കാർ പേര് കൊടുക്കുന്നതനുസരിച്ച് ഇനി കേസ് ഇല്ല എന്ന് പറയുന്നു. യു.ഡി.എഫ് ഭരണകാലത്ത് നടന്ന ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് ഇത് പുറത്ത് കൊണ്ടുവന്നിരിക്കുന്നത്. മറ്റൊരു കാര്യം കൂടി, ഞാൻ അതിന് സാക്ഷിയാണ്. സേവറി ഹോട്ടലിലെ കൊലപാതകത്തിനുശേഷം കണ്ണൂരിൽ ചേർന്ന സമാധാന കമ്മിറ്റി യോഗത്തിൽ പ്രതികളെ അറസ്റ്റ് ചെയ്തു എന്ന് അന്നത്തെ സി.ഐ.

ജനാർദ്ദനൻ പറഞ്ഞത് ശ്രീ. കെ. സുധാകരൻ നിർദ്ദേശിച്ചത് പ്രകാരമായിരുന്നു. ആ സമയത്ത് ആരെയും പിടിച്ചിരുന്നില്ല. ഇതിനുശേഷമാണ് ഞങ്ങളിൽ ചിലരോട് സ്റ്റേഷനിൽ ഹാജരാകാൻ നിർദ്ദേശിച്ചത്. തെക്കേബസാറിലെ മൂന്നുപേരും ഒപ്പമുണ്ടായിരുന്നു. അവരെ സ്റ്റേഷനിൽ ഹാജരാക്കാൻപോയ എന്നെയും പ്രതിയാക്കി. അവിടെ എത്തിയപ്പോഴാണ് ശ്രീ. ടി. കെ. ബാലന്റെ വീട്ടിൽ ബോംബെറിഞ്ഞ കേസിൽ പ്രതിയാണ് എന്ന വിവരം അറിയുന്നത്. ഒരാളെ പ്രതി ചേർക്കുന്നത് എങ്ങനെയാണെന്ന് മനസ്സിലായോ? ശ്രീ. കെ. സുധാകരൻ നല്കിയ പട്ടിക പ്രകാരമാണ് പ്രതികളെ നിശ്ചയിച്ചതെന്ന് പിന്നീട് സി.ഐ പറഞ്ഞു. റിമാൻഡിലായി ജാമ്യത്തിന് ശ്രമിക്കുമ്പോഴാണ് സേവറി ഹോട്ടലിലെ നാണുവിനെ കൊന്ന കേസിലും ഞാൻ ഉൾപ്പെട്ടതായി അറിയുന്നത്. ഞാനിത് പറയാൻ കാരണം സേവറി ഹോട്ടൽ ആക്രമണം നടന്ന സമയത്ത് കണ്ണൂരിലെ പാർട്ടിയുടെ ജില്ലാ സെക്രട്ടറി ഞാനായിരുന്നു. ഈ സംഭവം കഴിഞ്ഞപ്പോൾ അവിടെ സംഘർഷഭരിതമായ അന്തരീക്ഷം ഉണ്ടായി. സമാധാന കമ്മിറ്റിയോഗം വിളിച്ചു കൂട്ടി. ആ സമാധാന കമ്മിറ്റിയോഗത്തിൽ ഞാൻ പങ്കെടുത്തു. ഞാൻ അന്നത്തെ യോഗത്തിൽ ഒരു ചോദ്യം ചോദിച്ചു, നാണുവിനെ ആക്രമിച്ച് കൊന്ന് ഇത്രയും ദിവസമായിട്ടും ഏതെങ്കിലും ഒരു പ്രതിയെ നിങ്ങൾക്ക് പിടിക്കാൻ സാധിച്ചോ എന്ന്. ഞങ്ങൾ ഈ സമാധാന യോഗവുമായി സഹകരിക്കില്ല, ഞങ്ങൾ ഇറങ്ങിപ്പോകുകയാണ് എന്ന് പറഞ്ഞു. അപ്പോൾ സി.ഐ പറയുകയാണ് പ്രതികളെ പിടിച്ചിരിക്കുന്നു. എന്ന്. ആ സമയത്ത് പ്രതികളെ പിടിച്ചിരുന്നില്ല എന്നുള്ള കാര്യം ഇപ്പോൾ ശ്രീ. പ്രശാന്ത് ബാബു വെളിപ്പെടുത്തിയപ്പോഴാണ് ഞാൻ അറിയുന്നത്. ഒരു സി.ഐ–യെ ഉപയോഗിച്ചുകൊണ്ട് നടത്തിയ ഈ ആക്ടിവിറ്റി പുറത്തുവ

ന്നാലുള്ള നമ്മുടെ നാട്ടിലെ നിയമവ്യവസ്ഥ എന്തായിരിക്കും.? നമ്മെക്കുറിച്ച് പുറംലോകം എന്താണ് അറിയുന്നത്? കേസ്സൊന്നും പ്രശ്നമല്ല. അതൊക്കെ ഏർപ്പെടുത്തിയിട്ടുണ്ട്, ഞാൻ രക്ഷപ്പെടുത്താം എന്ന് ശ്രീ. കെ. സുധാക രേട്ടൻ ഉറപ്പു നല്കിയിരുന്നു. അതുപോലെ സംഭവിച്ചു. എല്ലാവരേയും വെറുതെ വിട്ടു. ലിസ്റ്റ് കൊടുത്ത് പ്രതികളെ നിശ്ചയിക്കുന്ന ഏർപ്പാട് അന്നേ ഉണ്ടായിരുന്നു. സി.ഐ ആണ് ഈ കേസ്സിൽ സുധാകരേട്ടനെ സഹായിച്ചത്. പ്രധാന സംഭവങ്ങൾ ഉണ്ടാകുമ്പോഴെല്ലാം ത്രിമൂർത്തിയും സംഘവും കണ്ണൂരിൽ എത്താറുണ്ട്. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ കണ്ണൂരിൽ പിടിയിലായത് തിരുവനന്തപുരത്തെ ക്വട്ടേഷൻ സംഘമായിരുന്നു. അവരെ അറസ്റ്റ് ചെയ്താൽ പല രഹസ്യങ്ങളും വെളിപ്പെടുത്തുമെന്ന് കണ്ടാണ് സ്റ്റേഷനു മുമ്പിൽ കുത്തിയിരുന്ന് അവരെ പുറത്തുകൊണ്ടുവരാൻ ശ്രമിച്ചത് എന്നുള്ള കാര്യം വെളിപ്പെടുത്തിയിരിക്കുകയാണ്. ഏകദേശം കാര്യങ്ങൾ ഇപ്പോൾ വെളിപ്പെട്ടില്ലേ? പഞ്ചാബിലെ ചാണ്ഡിഗഡിൽ പാർട്ടി കോൺഗ്രസ്സ് കഴിഞ്ഞ് തിരിച്ചുവരുമ്പോഴാണ് ട്രെയിനിൽവച്ച് സഖാവ് ഇ. പി. ജയരാജനെ വെടിവയ്ക്കുന്നത്. വിക്രംലാൽ ശശി, പേട്ട ദിനേശൻ എന്നിവരെ അന്നു തന്നെ പിടികൂടിയിരുന്നു. ഇത് സംബന്ധിച്ച് ചെന്നൈ പോലീസിൽ– മദ്രാസ് സെൻട്രൽ റെയിൽവെ പ്ലാറ്റ്ഫോം നമ്പർ **2**– ൽ പിടിയിലായ വിക്രംലാൽ ശശി കൊടുത്ത കൺഫെഷൻ സ്റ്റേറ്റുമെന്റിൽ പറയുന്നത് 'We went to meet Shri M. V. Raghavan, Co-operative Minister and M.LA Shri K. Sudhakaran and sought help for this. അവർ ഉദ്ദേശിക്കുന്ന കാര്യത്തിന്, Both gave Rs. 10,000 and M.L.A Shri K. Sudhakaran gave two

revolvers with instruction to kill M.L.A Shri E.P. Jayarajan while returning from Delhi after attending CPI(M) party meeting. അതിൽ പറയുന്നു 'I myself took one of my revolver which was hidden in my pocket and opened two rounds fire aiming back M.L.A Shri E.P. Jayarajan, after that Shri Dinesh and myself jumped out from running train'. ശ്രീ. ഇ. പി. ജയരാജനെ വെടിവച്ച ആളെ പോലീസ് പിടിച്ചപ്പോൾ കൊടുത്ത മൊഴിയാണ് ഇത്. ഇതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതൊക്കെ വസ്തുതയാണ്. ഇവിടെ ശ്രീ. ഇ. പി. ജയരാജൻ ഒരു കേസ് കൊടുത്തിരുന്നു. ആ കേസിന്റെ അടിസ്ഥാനത്തിൽ പോലീസ് നടപടി എടുത്തിരുന്നു. അതിൽ ഒരാളിൽ നിന്നും പോലീസ് മൊഴി എടുത്തു. ആ മൊഴി രേഖപ്പെടുത്തിയത് അന്നത്തെ തലശ്ശേരിയിലെ സി.ഐ. ശ്രീ. വത്സൻ ആണ്. ഇപ്പോൾ അദ്ദേഹം എസ്.പി ആണെന്നാണ് എനിക്ക് തോന്നുന്നത്. അതിൽ രേഖപ്പെടുത്തിയിരിക്കുന്നത്, ശ്രീ. ഇ. പി. ജയരാജൻ എം.എൽ.എ–യുടെ നേർക്കുണ്ടായ വധശ്രമത്തിന് സുമാർ ഒരു മാസം മുമ്പ് ഞാൻ തിരുവനന്തപുരത്ത് പോയപ്പോൾ തൈക്കാട് ഗസ്റ്റ്ഹൗസിൽ ശ്രീ. കെ. സുധാകരന്റെ മുറിയിലാണ് താമസിച്ചത്. സി.പി.ഐ(എം) ന്റെ പാർട്ടി കോൺഗ്രസ്സിന് പോകുന്ന ഒരു സി.പി.ഐ(എം) നേതാവിനെ വധിക്കുവാൻ ഫിറ്റായ ആളിനെ കിട്ടുമോയെന്ന് ശ്രീ. കെ. സുധാകരൻ എന്നോട് ചോദിച്ചു. മുമ്പു പറഞ്ഞ വിക്രംലാൽ ശശി അതിനു പറ്റിയ ആളാണെന്ന് ഞാൻ ശ്രീ.കെ. സുധാകരന്റെ ശ്രദ്ധയിൽപ്പെടുത്തി. ശ്രീ. കെ. സുധാകരന് ശശിയെ പരിചയമുണ്ടായിരുന്നില്ല. എങ്കിലും ശശിയോട് അന്വേഷിച്ച് വിവരം

പറയുവാൻ ശ്രീ. കെ. സുധാകരൻ എന്നെ ചുമതലപ്പെടുത്തി. അങ്ങനെ ഞാൻ ആദ്യം വന്ന് ശശിയെക്കണ്ട് സംസാരിച്ചു. അപ്പോൾ ശശി പറഞ്ഞു, ആയുധവും പണവും തയ്യാറാക്കി നിറുത്താൻ ഞാൻ റെഡിയാണെന്നാണ് അദ്ദേഹം പറഞ്ഞത്.

മി. സ്പീക്കർ: അങ്ങ് പറയാനുള്ളത് പറയൂ. അത്രയും ഡീറ്റയിൽഡായി പോകേണ്ട; കാര്യം പറഞ്ഞല്ലോ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അങ്ങേയ്ക്ക് കൂടി ഇത് മനസ്സിലാകണ്ടേ?

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന് കൊടുക്കേണ്ട മാക്സിമം സമയമുണ്ടല്ലോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നമ്മുടെ സഹപ്രവർത്തകനായ ഈ നിയമസഭയിലിരിക്കുന്ന ഒരു അംഗത്തിനുണ്ടായ അനുഭവമാണ്. അത് പറയാനെങ്കിലും അങ്ങ് എന്നെ അനുവദിക്കണം. വിശദാംശങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. അങ്ങേയ്ക്ക് ബുദ്ധിമുട്ടുണ്ടെങ്കിൽ ഞാൻ പ്രസംഗം നീട്ടുന്നില്ല. ഇതിൽ അവർ പറയുന്നത്, ആരെയെങ്കിലും വധിക്കണം, വധിക്കേണ്ടത് ശ്രീ.പിണറായി വിയജൻ, ശ്രീ. കോടിയേരി ബാലകൃഷ്ണൻ, ശ്രീ. ഇ.പി. ജയ രാജൻ  എന്നിവരിൽ ഒരാളെ ആയിരിക്കണമെന്നും അതിൽ മുൻതൂക്കം കൊടുക്കേണ്ടത് ശ്രീ. പിണറായി വിജയന്റെ നേർക്കായിരിക്കണമെന്നും എനിക്ക് തോന്നിയിരുന്നുവെന്ന് രാജീവൻ പോലീസിൽ കൊടുത്ത മൊഴിയിൽ പറയുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം കോടതി ചില നടപടികൾ സ്വീകരിച്ചു. അതിനെതിരായി ശ്രീ. കെ. സുധാകരൻ കോടതിയിൽ പോയി.  ആ കേസ്സിൽ ഹൈക്കോടതി പറഞ്ഞത്, ഒരു കേസ്സിൽ രണ്ട് എഫ്. ഐ. ആർ. പാടില്ലായെന്നാണ്. ഓങ്കോൾ കോടതിയിൽ ഒരു

കേസ്സുള്ളതുകൊണ്ട് അവിടെ ഒരു എഫ്.ഐ.ആർ ഉണ്ട്. ഇവിടെയൊരു എഫ്.ഐ.ആർ. പാടില്ലയെന്നുപറഞ്ഞുകൊണ്ടാണ് ഹൈക്കോടതി ഇടപെട്ടത്. ഇപ്പോൾ ഹൈക്കോടതി ആ കേസ്സ് തുടരുന്നതിനുള്ള തടസ്സങ്ങൾ നീക്കിയിരിക്കുകയാണ്. ഇതുപ്രകാരം ആ കേസ് പ്രൊസീഡ് ചെയ്യാനുള്ള നടപടി സ്വീകരിക്കാം. ഹൈക്കോടതിയുടെ നാലുമാസം മുമ്പ് വന്ന മൊഴി പ്രകാരം പോലീസിന് പൂർണ്ണമായും കേസ്സന്വേഷിക്കാം. അതുപ്രകാരം അന്വേഷിക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ? ശ്രീ. ഇ. പി. ജയരാജനെ വധിക്കാൻ ശ്രമിച്ച കേസ്സുമായി ബന്ധപ്പെട്ട് ഓങ്കോൾ കോടതിയിലാണ് കേസ്സ് രജിസ്റ്റർ ചെയ്തിരുന്നത്. ഓങ്കോൾ കോടതിയിൽ രജിസ്റ്റർ ചെയ്ത കേസ്സിന്റെ അടിസ്ഥാനത്തിൽ അവിടെ ശ്രീ. ഇ. പി. ജയരാജനെ വിചാരണ ചെയ്തു. ശ്രീ. ഇ. പി. ജയരാജൻ അവിടെ പോയി മൊഴി കൊടുത്തു. അന്ന് രണ്ടുപേർ മാത്രമായിരുന്നു ആ കേസ്സിൽ ആദ്യം പ്രതിചേർത്തിരുന്നത്. ബഹുമാനപ്പെട്ട ഓങ്കോൾ കോടതിയിലെ ജഡ്ജി ശ്രീ. ഇ. പി. ജയരാജന്റെ മൊഴി കേട്ടതിനു ശേഷം സ്വമേധയാ ഒരു തീരുമാനമെടുത്തു. എവിഡൻസ് വന്നതിന്റെ അടിസ്ഥാനത്തിൽ ആ ജഡ്ജി പറഞ്ഞു സി.ആർ.പി.സി. 319 പ്രകാരം നടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ശ്രീ. കെ. സുധാകരനെ പ്രതിചേർക്കുകയും ചെയ്തു. തെളിവുകൾ കോടതിയുടെ മുമ്പിൽ ലഭിച്ചപ്പോഴാണ് കോടതി സ്വമേധയാ പ്രതി ചേർത്തത്. അതിനെതിരായി ശ്രീ. കെ. സുധാകരൻ ഹൈദരാബാദ് ഹൈക്കോടതിയിൽ പോയി. ഹൈക്കോടതി ഇതൊന്ന് പുന:പരിശോധിക്കണമെന്ന് കോടതിയോട് ആവശ്യപ്പെട്ടു. കോടതിയിൽ ഇത് പുന.പരിശോധിക്കമെന്നാവശ്യപ്പെട്ട സന്ദർഭത്തിൽ അന്നത്തെ ഗവൺമെന്റ് അവിടത്തെ പബ്ലിക് പ്രോസികൂട്ടറെ മാറ്റി. പബ്ലിക് പ്രോസിക്യൂട്ടറെ മാറ്റിയതിനുശേഷം വേറൊരു പബ്ലിക് പ്രോസിക്യൂട്ടറെ

വച്ചപ്പോൾ ഇവരെയൊന്നും പ്രതിചേർക്കേണ്ടതില്ലായെന്നാണ് അദ്ദേഹം പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ കോടതി രണ്ടുപേരെ വിചാരണ ചെയ്തു. ശിക്ഷ വിധിക്കപ്പെട്ട ശശിയേയും ദിനേശനേയും കോടതി 19 കൊല്ലത്തേയ്ക്ക് ശിക്ഷിച്ചു. ശശി എന്നുപറയുന്ന ആൾ ഇപ്പോൾ ജീവിച്ചിരിപ്പില്ല. ദിനേശൻ എന്നുപറയുന്ന ആൾ 19 കൊല്ലമായി ഈ ശിക്ഷ അനുഭവിക്കുകയാണ്. ഞാൻ ചോദിക്കട്ടെ, ഈ കേസിൽ ശ്രീ. കെ. സുധാകരനെ അന്ന് പ്രതിചേർത്തിരുന്നെങ്കിൽ, വിചാരണ ചെയ്തിരുന്നെങ്കിൽ 19 കൊല്ലം ജയിലിൽ കിടക്കേണ്ടുന്ന ഒരു കുറ്റമാണ് അദ്ദേഹം ചെയ്തിട്ടുള്ളത്. ആ കുറ്റത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കേണ്ടുന്ന പുതിയ വിവരങ്ങളാണ് വെളിവാക്കപ്പെട്ടിരിക്കുന്നത്. അതിലുള്ള ഒരു ഗൂഢാലോചന പുറത്തു വന്നുകഴിഞ്ഞു. ആ ഗൂഢാലോചനയെ അടിസ്ഥാനമാക്കി ഇവിടെ പോലീസ് ചെയ്യേണ്ട നടപടി ഒരു കേസ് രജിസ്റ്റർ ചെയ്യുക എന്നതാണ്. ഒരു ഇൻവസ്റ്റിഗേഷൻ ടീമുണ്ടാക്കി ഈ പറഞ്ഞ കാര്യങ്ങളൊക്കെ അന്വേഷിക്കാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞിരിക്കുന്നത്. അന്വേഷിക്കണമെങ്കിൽ ഒരു കേസ് രജിസ്റ്റർ ചെയ്യണം. ഇവിടെ ഒരു കേസ്സും രജിസ്റ്റർ ചെയ്തിട്ടില്ല.

മി. സ്പീക്കർ: അങ്ങ് വൈന്റ് അപ്പ് ചെയ്യൂ. ബാക്കി മന്ത്രി പറയും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അല്ല ഞാൻ പറയാം. മറ്റുപ്രശ്നങ്ങളിലെല്ലാം വെളിപ്പെടുത്തലുകൾ വന്നപ്പോൾ ഉടനെ കേസ് രജിസ്റ്റർ ചെയ്തില്ലേ? ശ്രീ. പ്രശാന്ത് ബാബു നടത്തിയ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ ഇത്രയും കാലം തുറന്നുപറയാത്തതിന്റെ പേരിൽ അദ്ദേഹത്തെയും ശ്രീ. കെ. സുധാകരനെയും പ്രതിചേർത്തുകൊണ്ട് ഒരു എഫ്.ഐ.ആർ.-ഇട്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കണം. അത് ചെയ്യാതെ ഐ. ജി. ഗോപിനാഥനെ നിശ്ചയിച്ചിട്ടുണ്ടെന്ന് പറഞ്ഞാൽ ഗോപിനാഥൻ ഐ.ജി.

എന്തുചെയ്യാനാണ് ? ഐ.ജി. വാഴാത്ത ഒരു സ്ഥലമായി കണ്ണൂർ ഇപ്പോൾ മാറിയിരിക്കുകയാണ്. അവിടെ ഡി.ഐ.ജി. ഇല്ലേ? അദ്ദേഹത്തെ എന്തു കൊണ്ടാണ് ഈ കേസ് ഏൽപ്പിക്കാത്തത്? അവിടെ എ.ഡി.ജി.പി. ഇല്ലേ? തൃശ്ശൂർ ഐ.ജി. വേറൊരു ഇരട്ടകൊലപാതകക്കേസ് അന്വേഷിച്ചുകൊണ്ടിരി ക്കുകയാണ്. ആ ഇരട്ടകൊലപാതകക്കേസ്സിന്റെ അന്വേഷണം പൂർത്തീകരി ക്കാതെ അതേ ഐ.ജി. –ക്ക് വേറൊരു കേസ്സിന്റെ ചുമതല കൂടി കൊടുത്താൽ എന്തായിരിക്കും സ്ഥിതി? അപ്പോൾ യഥാർത്ഥത്തിൽ ഈ കേസ് അന്വേഷിക്കാൻ ഉദ്ദേശിക്കുന്നില്ല. കെ.പി.സി.സി. പ്രസിഡന്റ് പറഞ്ഞു, ശ്രീ. കെ. സുധാകരനെതിരായിട്ടുള്ള ആരോപണം അന്വേഷിക്കാനല്ല ഏൽപ്പി ച്ചിട്ടുള്ളത്. ശ്രീ പ്രശാന്ത് ബാബുവിനെതിരായി ശ്രീ. കെ. സുധാകരൻ ഉന്നയിച്ച ആരോപണമാണ് (തടസ്സം)...

<u>മി. സ്പീക്കർ</u>: അതിന്റെ മറുപടി എന്താണെന്നുള്ളത് ആഭ്യന്തരമന്ത്രി പറയും. പ്ലീസ് പ്ലീസ്.........

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഇവിടെ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടില്ല. ഒരു കേസും രജിസ്റ്റർ ചെയ്യാതെ എന്ത് അന്വേഷണമാണ് നടക്കാൻ പോകുന്നത്? നാൽപാടി വാസു വധകേസിൽ ശ്രീ. കെ. സുധാകരൻ എഫ്.ഐ.ആർ.–ൽ പ്രതിയായിരുന്നു. പിന്നീട് അദ്ദേഹത്തെ ഒഴിവാക്കി. ഗൺമാൻമാരേയും കൊണ്ട് നടക്കുന്ന എത്രയോ പൊളിറ്റീ ഷ്യൻസ് നമ്മുടെ നാട്ടിലുണ്ട്. ശ്രീ. കെ. സുധാകരന്റെ ഗൺമാനാണ് ഒരാളെ വെടിവച്ച് കൊന്നത്. ശ്രീ. കെ. സുധാകരന്റെ മറ്റൊരു ഗൺമാനാണ് രഘു എന്നുപറയുന്ന ഒരാളെ കൊന്നത്. നമുക്കൊക്കെ ഗൺമാൻമാരില്ലേ? ഈ കേരളത്തിൽ നൂറിൽപ്പരം ആളുകൾ ഗൺമാൻമാരേയും കൊണ്ട് നടക്കു

Uncorrected / Not for Publication

ന്നില്ലേ? അവരുടെ പേരിലൊന്നുമില്ലാത്ത തരത്തിലുള്ള ആക്ഷേപങ്ങളാണ് ശ്രീ. കെ. സുധാകരന്റെ പേരിലുള്ളത്. അപ്പോൾ എന്തോ ഒരു കുഴപ്പമുണ്ട്.

മി. സ്പീക്കർ: അങ്ങ് പറയുനുള്ളതെല്ലാം പറഞ്ഞു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇരട്ടകൊലപാതക കേസിൽ ഭരണ കക്ഷിയുടെ ഒരു എം.എൽ.എ.-യെ സഹായിക്കാൻ വേണ്ടി ഇടപെട്ടെന്ന് ആക്ഷേപമുള്ള ഐ.ജി. യെ തന്നെ ഈ കേസ് അന്വേഷിക്കാൻ നിശ്ചയിച്ച തിന്റെ കാരണമെന്താണ്? ഭരണകക്ഷിയിലുള്ളവർ പ്രതിസന്ധിയിൽപ്പെടു മ്പോൾ അവരെ സഹായിക്കാൻ വേണ്ടിയുള്ള ഒരു ഐ.ജി.-യാണെന്ന് വ്യാഖ്യാനം വന്ന സാഹചര്യത്തിൽ, ഈ ഐ.ജി. യെത്തന്നെ നിയമിക്കു ന്നതിന്റെ ഉദ്ദേശ്യം മനസ്സിലാകുന്നില്ല. ഇത് കേസ് അട്ടിമറിക്കാനാണ് ശ്രമിക്കുന്നത്. ഇല്ലാതാക്കാനാണ് ശ്രമിക്കുന്നത്. കേസ് രജിസ്റ്റർ ചെയ്യാൻ തയ്യാറുണ്ടോ? ഒരു എഫ്.ഐ.ആർ. ഇട്ട് അന്വേഷിക്കാതെ എന്തുകാര്യമാണ് അന്വേഷിക്കാൻ പോകുന്നത്? ഇതുവരെ പുറത്തുവരാത്ത തോക്കുകൊടുത്ത വിവരം, കരിമ്പിൽ കൃഷ്ണൻ എന്ന ആളാണെന്നു വെളിപ്പെടുത്തുന്ന സാഹചര്യത്തിൽ ഇന്നുതന്നെ കരിമ്പിൽകൃഷ്ണനെ അറസ്റ്റ് ചെയ്യണം. കെ.പി.സി.സി. മെമ്പറെ അറസ്റ്റ് ചെയ്യണം.

മി. സ്പീക്കർ: അടിയന്തരപ്രമേയത്തിന്റെ നോട്ടീസാണ്. അങ്ങ് ഒരു സെന്റൻസ് പറഞ്ഞിട്ട് നിറുത്തു. പ്ലീസ്......... പ്ലീസ്..............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഈ രണ്ടുപേരെ അറസ്റ്റുചെയ്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്താതെ എങ്ങനെയാണ് ഈ കേസ് തെളിയിക്കാൻ സാധിക്കുന്നത്?

മി. സ്പീക്കർ: ആ കാര്യങ്ങളെക്കുറിച്ചൊക്കെ മിനിസ്റ്റർ മറുപടി പറയും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: തോക്കുണ്ടെന്ന് കരുതി ആരേയും വെടിവച്ച് കൊല്ലാമെന്നാണോ? ശ്രീ. ഇ. പി. ജയരാജൻ വെടിയുണ്ട ഏറ്റതിന്റെ പരിക്കുമായി ഇപ്പോഴും ജീവിക്കുകയല്ലേ; ഒരു എം.എൽ.എ.യ്ക്ക് ഉണ്ടായ അനുഭവം സംബന്ധിച്ച് പുതുതായി വന്നിട്ടുള്ള വിവരങ്ങൾ ഞെട്ടിപ്പിക്കുന്നതാണ്. നിയമവാഴ്ചയുള്ള ഒരു സ്റ്റേറ്റ് ആയി കേരളം മാറണം. എല്ലാ കാര്യങ്ങളും അന്വേഷിക്കണം. അത് നിയമവിധേയമായി വേണം. നിയമവിധേയമായി ചെയ്യണമെങ്കിൽ, ഐ.ജി. ഗോപിനാഥന് അന്വേഷിക്കാൻ കഴിയണമെങ്കിൽ തന്നെ ഒരു കേസ്സുണ്ടാകണ്ടേ? എന്തുവച്ചിട്ടാണ് കേസ് അന്വേഷിക്കുന്നത്?

മി. സ്പീക്കർ: അങ്ങ് പ്രതിപക്ഷ ഉപനേതാവാണ്. 20 മിനിട്ടായി. പ്ലീസ് വൈന്റ് അപ്പ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ പ്രസംഗം നിറുത്താൻ പോകുകയാണ്. അങ്ങ് ഇടപെടാതിരുന്നാൽ ഞാൻ നേരത്തെ നിറുത്താം.

മി. സ്പീക്കർ: ഞാൻ ഒന്നും ഇടപെടുന്നില്ല. നിറുത്താനെ പറയുന്നുള്ളു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ചെയർ, നമ്മളെല്ലാ പേരും അങ്ങോട്ടുമിങ്ങോട്ടും അറിയുന്നവരാണല്ലോ. അങ്ങ് അവിടെ ചെയറിൽ ഇരിക്കുന്നു, നമ്മൾ ഇവിടെ ഇരിക്കുന്നു എന്നുമാത്രമേയുള്ളു. ശ്രീ. ഇ. പി. ജയരാജൻ നമ്മുടെ ഒരു സഹപ്രവർത്തകനാണ്. അദ്ദേഹത്തിനുണ്ടായ ഒരനുഭവം ഞങ്ങളെയൊക്കെ വേദനിപ്പിച്ചതാണ്. അന്ന് ഈ സഭയിൽ ശ്രീ. ഇ. പി. ജയരാജൻ അംഗമായിരുന്നു. അദ്ദേഹം ഇവിടെ നടത്തിയ പ്രസംഗവുമുണ്ട്. ഞാനത് ആവർത്തിക്കുന്നില്ല. ഞാൻ ഇവിടെ ഉദ്ധരിക്കുന്നില്ല. ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ ആയിരുന്നു അന്ന് ചെയർ നിയന്ത്രിച്ചിരുന്നത്. ഒരു കേസ് തന്നെ തേയ്ച്ചുമായ്ച്ചുകളഞ്ഞ പ്രശ്നത്തിൽ പുതിയ വിവരങ്ങൾ

വന്നാൽ അത് ഈ സഭയിലല്ലാതെ എവിടെയാണ് ഞങ്ങൾ പറയേണ്ടത്? സഭയിലെ ഒരു മെമ്പറുടെ പ്രശ്നമായതുകൊണ്ട് അതിന് പ്രത്യേക പ്രാധാന്യമുണ്ട്. സഭയിലെ മെമ്പറുടെ കാര്യമായതുകൊണ്ട് അന്വേഷണ ത്തിൽ അങ്ങ് ഇടപെടണം. അതിന് ചെയറിന് ബാദ്ധ്യതയുണ്ട്. നമ്മുടെ എല്ലാ പേരുടേയും ജീവന് ഒരേ വിലയാണുള്ളത്. ശ്രീ. ഇ.പി. ജയരാജന്റെ ജീവന് വിലയില്ല എന്നു വരാൻ പാടില്ല. പുതിയ ഒരു വിവരം പുറത്തുവന്നാൽ അതിന്റെ അടിസ്ഥാനത്തിൽ അന്വേഷിക്കണം. അതുകൊണ്ട് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അന്വേഷണം ഒരു പ്രഹസനമായി നടത്തുന്നതിനോട് ഞങ്ങൾക്ക് ശക്തമായ വിയോജി പ്പുണ്ട്. അതുകൊണ്ട് പുറത്തുവന്ന എല്ലാ വിവരങ്ങളും സഭ നിറുത്തി വച്ച് ചർച്ച ചെയ്യണം. കണ്ണൂരിൽ ശാന്തമായ അന്തരീക്ഷമുണ്ടാകണം. അത് അത്യാ വശ്യമാണ്. കണ്ണൂരിൽ പഴയകാല സ്ഥിതി ആവർത്തിക്കാൻ പാടില്ല. സമാ ധാനം സ്ഥാപിക്കുന്നതിനുവേണ്ടി സഭ നടപടികൾ നിറുത്തി വച്ച് ചർച്ച ചെയ്യണം. ഇന്ന് അത്യാവശ്യമുള്ള വിഷയങ്ങളൊന്നുമില്ല. ഇന്നുതന്നെ നമുക്ക് ചർച്ച ചെയ്യാം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട മുൻ ആഭ്യന്തരവകുപ്പുമന്ത്രിയായ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഒരു അന്വേഷണ ഉദ്യോഗസ്ഥനെക്കുറിച്ച് ഇങ്ങനെയൊരു പരാമർശം നടത്തുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. ....... (തടസ്സം) ....... മറുപടി പറഞ്ഞാൽ വിഷമമുണ്ടെങ്കിൽ ഞാൻ മിണ്ടാതിരിക്കാം. അതിന് ഒച്ച വയ്ക്കണമെന്നില്ല. മറുപടി പറഞ്ഞാൽ വിഷമമുണ്ടാകാത്തവർ അവിടെ ശാന്തമായിട്ടിരിപ്പുണ്ട്. ചില ആളുകൾക്ക് മറുപടി കേൾക്കാനുള്ള സഹിഷ്ണു തയില്ല. എനിക്ക് എന്ത് ചെയ്യാൻ പറ്റും. ഗവൺമെന്റിന്റെ സൽബുദ്ധിവച്ചും

പോസിറ്റീവായി അന്വേഷണം നടത്തണമെന്നുള്ള ആഗ്രഹത്തോടുകൂടി യുമാണ് അവിടെ ചാർജ്ജുള്ള ഐ.ജി-യെത്തന്നെ അന്വേഷണ ഉദ്യോഗ സ്ഥനായി നിയമിച്ചത്. ....... (തടസ്സം) ....... ഞാൻ പറയാം. അങ്ങനെയൊരു സാഹചര്യമുണ്ടാവുകയാണെങ്കിൽ ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാല കൃഷ്ണൻ പറഞ്ഞ വാക്കുകൾ മുഖവിലയ്ക്കെടുത്തുകൊണ്ട് കേരള പോലീ സിൽ ഇതുപോലെ ഒരു കോൺട്രവേഴ്സിയിലും ഇല്ലാത്ത തിരുവനന്തപുരം ഐ.ജി ശ്രീ. ധർവേഷ് സാഹിബിനെ അന്വേഷണച്ചുമതല ഏൽപ്പിക്കാം. അങ്ങയുടെ ആദ്യത്തെ ആവശ്യം ഞങ്ങൾ അംഗീകരിക്കുകയാണ്. ശ്രീ. ധർവേഷ് സാഹിബിനെ അന്വേഷണം ഏൽപ്പിക്കാം. അന്വേഷണം നടക്കട്ടെ. നിങ്ങൾ പറഞ്ഞ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ - ഒന്ന് ഒരു കേസ് കോടതി വിസ്തരിച്ച് വിധി കല്പിച്ച് ആ വിധിയെല്ലാം പൂർത്തിയായതിനുശേഷം ഫണ്ട മെന്റൽ റൈറ്റ്സ് 20(2) അനുസരിച്ച് Cr.P.C 300 അനുസരിച്ച് ഗവൺമെന്റിന് അതിൽ എന്തെങ്കിലും ചെയ്യാൻ പറ്റുമോ. നിയമം അറിയാ വുന്ന എല്ലാ ആളുകൾക്കും ഇത് അറിയില്ലേ. അങ്ങേയ്ക്ക് അതിനെക്കാൾ കൂടുതൽ അറിയാം കാരണം അങ്ങ് ഈ വകുപ്പ് കൈകാര്യം ചെയ്ത ആളാണ്. ഫണ്ടമെന്റൽ റൈറ്റ്സ് 20(2) നമുക്ക് ലംഘിക്കാൻ പറ്റുമോ; Cr.P.C. 300-ലെ വ്യവസ്ഥ ഞങ്ങൾക്ക് ലംഘിക്കാൻ പറ്റുമോ? അതു കൊണ്ട് അത് അതിന്റേതായ മുറയ്ക്ക് നിയമം അനുസരിച്ച് പോകേണ്ടി വരും. അങ്ങ് പറഞ്ഞ രണ്ട് കാര്യങ്ങളെക്കുറിച്ചാണ് പ്രധാനമായും അന്വേഷി ക്കണമെന്ന് ആഗ്രഹിക്കുന്നത്. ഒന്ന് അങ്ങിവിടെ പറഞ്ഞ സേവറി ഹോട്ട ലിലെ സംഭവത്തെ സംബന്ധിച്ച്. ശ്രീ. കെ. സുധാകരൻ പ്രതിയല്ല, എന്തു കൊണ്ട് ആയില്ല. കൂടെയുണ്ടായിരുന്നയാൾ പ്രതിയാണ്. അന്വേഷിച്ചോട്ടെ.

ഈ അന്വേഷണ സംഘം അന്വേഷിച്ച് സത്യം കണ്ടുപിടിക്കട്ടെ. അതോടൊപ്പം തന്നെ അങ്ങിവിടെ സൂചിപ്പിച്ച .. ....... (തടസ്സം) ............ അന്വേഷിച്ച് കഴിഞ്ഞല്ലേ എഫ്.ഐ.ആർ..... എഫ്.ഐ.ആർ ഉണ്ടാക്കിയിട്ട് പിന്നെ പിറകെ പോകാമോ. അന്വേഷിക്കട്ടെ. ....... (തടസ്സം) ....... കണ്ണൂർ കോ–ഓപ്പറേറ്റീവ് പ്രസ്സ് ആക്രമണ കേസ് ഇവിടെ പറഞ്ഞു. ഈ അന്വേഷണ സംഘം അന്വേഷിക്കട്ടെ. ഇവർ പറഞ്ഞിട്ടുള്ള എല്ലാ കാര്യവും കൺസീഡ് ചെയ്യുകയല്ലേ. ആദ്യം അന്വേഷണം വേണമെന്ന് പറഞ്ഞു. അന്വേഷണത്തിന് ഉദ്യോഗസ്ഥരെ നിയമിച്ചു. ആ ഉദ്യോഗസ്ഥൻ പറ്റില്ലെന്ന് പറഞ്ഞു. ആ ഉദ്യോഗസ്ഥനെ മാറ്റി പുതിയ ഉദ്യോഗസ്ഥനെ നിയമിക്കുന്നു. അതും പറ്റില്ലെന്ന് പറഞ്ഞാൽ, കേരള പോലീസിലെ 50000 ആളുകളും പറ്റില്ലെന്ന നിലപാടെടുത്താൽ ഞങ്ങൾ എന്തു ചെയ്യും? ....... (തടസ്സം) ....... അതുകൊണ്ട് അന്വേഷണം നടന്നോട്ടെ. അന്വേഷണം കൃത്യമായി നടക്കാൻ സഹകരിക്കണം. പിന്നെ അങ്ങിവിടെ പറഞ്ഞല്ലോ പ്രതിയല്ലാത്ത ആളുകളുടെ പേര് കൊടുത്ത് പ്രതികളെ അങ്ങോട്ടയച്ചുകൊടുക്കുന്ന ഏർപ്പാട് തൽക്കാലം ആരുടെ ഭാഗത്തുനിന്നും വേണ്ട. അത് ഈ ഗവൺമെന്റ് അംഗീകരിക്കുന്ന പ്രശ്നമില്ല. അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷിക്കട്ടെ. സബ്ജുഡീസായ ചില കേസുകൾ ഇവിടെ വിശദീകരിച്ചു. ഞങ്ങൾ ഒരക്ഷരവും മിണ്ടിയില്ല. സബ്ജുഡീസാണ്. ഞാൻ അത് പോലും സംസാരിച്ചില്ല. കാരണം അദ്ദേഹത്തിനത് അറിയാവുന്നതാണ്. അറിഞ്ഞുകൊണ്ടും അദ്ദേഹം പറയുകയാണെങ്കിൽ പറഞ്ഞോട്ടെ. അതുകൊണ്ട് ഇവിടെ അന്വേഷണ സംഘം അന്വേഷണം നടത്തി യഥാർത്ഥത്തിലുള്ള കുറ്റവാളികളെ കണ്ടെത്തി കേസ് മുന്നോട്ടുപോകട്ടെ. അതിനുള്ള സഹിഷ്ണു

തയും സഹകരണവുമാണ് തരേണ്ടത്. ഇതിൽ കൂടുതൽ എന്താണ് ഈ ഗവൺമെന്റ് ചെയ്യേണ്ടത്.

ശ്രീ. എ. കെ. ബാലൻ: സർ, .........................

മി. സ്പീക്കർ: ചോദ്യവും ഉത്തരവുമൊന്നുമില്ല. അങ്ങ് മറുപടി പറയൂ. പ്ലീസ് ........ മിനിസ്റ്റർ വഴങ്ങിയില്ല. വഴങ്ങിയാൽ മിനിസ്റ്റർ ഇരിക്കണം. അങ്ങ് പറയൂ..

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഒരു കാര്യം പറയാം. നമ്മളെ സംബന്ധിച്ചിടത്തോളം അപ്പുറത്തും ഇപ്പുറത്തും നിയമത്തിന് രണ്ട് തൂക്കമില്ല. അങ്ങനെയൊരു കാലമുണ്ടായിരുന്നു. ഇതിൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ നടപടിയെടുക്കും. നേരത്തെ ഇവിടെ പറഞ്ഞ ചില കേസുകൾ, നമ്മളാരും നിർബന്ധിച്ച് പറഞ്ഞതല്ല. 1, 2, 3, 4 എന്നൊക്കെ പറഞ്ഞത് ഞങ്ങളാണോ? ഞങ്ങളാരെങ്കിലും പറഞ്ഞിട്ടുണ്ടോ. ഞങ്ങൾ യോഗം സംഘടിപ്പിച്ചു കൊടുത്തതാണോ? ഒന്നുമല്ലല്ലോ? അങ്ങനെ വന്നുപെട്ടപ്പോൾ എന്നാൽ ഇതുകൂടി ഇരിക്കട്ടെ എന്നു പറയുന്ന നിലപാട് ശരിയല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ..........

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: അങ്ങേയ്ക്ക് ഞാൻ എത്ര വേണമെങ്കിലും വഴങ്ങാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞങ്ങളുടെ പ്രധാനപ്പെട്ട പ്രശ്നം എഫ്.ഐ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യാത്തതെന്താണെന്നാണ്?. അതിന്റെ അടിസ്ഥാനത്തിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കാൻ തയ്യാറുണ്ടോ. അല്ലാതെ സ്റ്റേറ്റ്മെന്റുണ്ട്....... സ്റ്റേറ്റ്മെന്റിനെ സംബന്ധിച്ച് ആർക്ക് വേണമെങ്കിലും അന്വേഷിക്കാമല്ലോ?

ഇവിടെയൊരു കേസുണ്ടോ? അങ്ങ് പറഞ്ഞല്ലോ വേറെ ഒന്നിന് കേസ് എടുത്തിട്ടുണ്ടെന്ന്. ഒരു പ്രസംഗം നടത്തിയതിന്റെ പേരിൽ നാല് കൊലക്കേസ് എടുത്തില്ലേ? രണ്ട് തരം നീതിയാണോ ഇവിടെ. രണ്ട് തരം നിയമമാണോ കേരളത്തിൽ. അതാണ് ഇവിടത്തെ പ്രശ്നം. ....... (തടസ്സം) .......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇതുപോലുള്ള ഒരു പ്രശ്നത്തെ ശബ്ദഘോഷം കൊണ്ട് നമുക്ക് നേരിടാൻ പറ്റുമോ. ഇവിടെ പറയുന്നതിൽ എന്തെങ്കിലും ലോജിക് ഉണ്ടാകണ്ടെ?............ (തടസ്സം) ....... അപ്പുറത്തെയും ഇപ്പുറത്തെയും ശബ്ദം അളന്നുനോക്കിയാണോ നീതി തീരുമാനിക്കുന്നത്. അങ്ങനെ നീതി തീരുമാനിക്കാൻ പറ്റില്ല. ഇവിടെ രണ്ട് സ്റ്റേറ്റ്മെന്റുകൾ ഈ ഗവൺമെന്റിനുമുന്നിൽ ഉണ്ടെന്നാണ് പറയുന്നത്. ഒന്ന് ഒരു വ്യക്തി, അദ്ദേഹം തന്നെ പറയുന്നു 4 ആളുകളെ കൊന്നു. ബാക്കി 8 ആളുകളുടെ ലിസ്റ്റുണ്ടാക്കിയിട്ടുണ്ട്. അത് ആരാണ് ചെയ്തത്. ഇന്നലെയും അദ്ദേഹം മൊഴി കൊടുത്തിട്ടുണ്ട്. ആ മൊഴിയിലെ വിശദവിവരമൊന്നും ഞാൻ പറയുന്നില്ല. അദ്ദേഹത്തിന് പോലുമില്ലാത്ത ഒരു വാദഗതിയെന്തിനാണ് ഇവിടെ? ഞാൻ ഒറ്റ വാക്കിൽ അത് ഒതുക്കുകയാണ്. അദ്ദേഹത്തിന് പോലുമില്ലാത്തൊരു വാദഗതി ഇവിടെ വേണോ? അതുകൊണ്ട് ഈ പറഞ്ഞ കാര്യങ്ങളൊക്കെ നമ്മൾ പരിശോധിക്കുകയാണ്. അതിന്റെ നിയമ വശങ്ങൾ നോക്കും. നോക്കിയതിനുശേഷം നിയമത്തിന് പ്രീതിയും ഭീതിയുമില്ലാതെ സത്യസന്ധമായി കേസ് അന്വേഷണം നടത്തും. അതിനാണ് ശ്രമിക്കുന്നത്. ....... (തടസ്സം) ....... അതുകൊണ്ട് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിക്കുന്നു. ....... (തടസ്സം) .......

ശ്രീ. ഇ. പി. ജയരാജൻ: സർ, ...............

മി. സ്പീക്കർ: നോ.... നോ...... അടിയന്തരപ്രമേയമാണ്. ഇവിടെ പേഴ്സണൽ എക്സ്പ്ലനേഷൻ വരുന്നില്ല. അടിയന്തര പ്രമേയം അവതരിപ്പിച്ചു കഴിഞ്ഞു. ...... (തടസ്സം)...... അങ്ങനെയൊരു കീഴ്വഴക്കമില്ല. പ്രതിപക്ഷ നേതാവ് എഴുന്നേറ്റു. ............ (തടസ്സം)........ ശ്രീ. ഇ.പി. ജയരാജന്റെ കാര്യം തന്നെയാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ഇവിടെ അവതരിപ്പിച്ച് സംസാരിച്ചത്. ......... ............ (തടസ്സം)........ അങ്ങേയ്ക്ക് പേഴ്സണൽ എക്സ്പ്ലനേഷനുണ്ടെങ്കിൽ അത് വേറെ എഴുതിത്തരണം.

ശ്രീ. എ. കെ. ബാലൻ: സർ, ..........

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ, അങ്ങേയ്ക്ക് മാത്രമായി റൂളൊന്നും ഇല്ല. ............ (തടസ്സം)........ പേഴ്സണൽ എക്സ്പ്ലനേഷൻ കൊടുക്കേണ്ട സന്ദർഭമുണ്ട്............ (തടസ്സം)........ ശ്രീ. എ. കെ. ബാലനുമാത്രമായി ചട്ടവും നിയമവുമൊന്നുമില്ല. ............ (തടസ്സം)............... നോ..... നോ..... ശ്രീ. എ. കെ. ബാലൻ, please sit down . ............ (തടസ്സം)........ ഇവിടെ ശബ്ദമുണ്ടാക്കി സാന്നിദ്ധ്യമുണ്ടാക്കാൻ നോക്കണ്ട. അങ്ങനെ വാർത്തയുണ്ടാക്കാനും നോക്കണ്ട. അതൊരു സ്ഥിരം ഏർപ്പാടായി മാറിയിരിക്കുകയാണ്. ........ ............ (തടസ്സം).........

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, ഇപ്പോൾ വെളിപ്പെടുത്തലുകളുടെ കാലമാണ്. ശ്രീ. കെ. സുധാകരന്റെ സഹപ്രവർത്തകനായിരുന്ന

പ്രശാന്ത് ബാബുവിന്റെ വെളിപ്പെടുത്തലുകൾ, പുതിയതായി അദ്ദേഹം വെളി പ്പെടുത്തിയത്, മുമ്പ് പോലീസ് അന്വേഷിച്ച് അതുസംബന്ധിച്ച് കുറേ കേസ്സു കൾ എടുത്തതിന്റെ യഥാർത്ഥ വസ്തുതകളാണ്. അങ്ങനെ യഥാർത്ഥ വസ്തുതകൾ തെളിവ് സഹിതം പറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ ബഹുമാ നപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഒരു കേസ് എടുത്തുവേണം ഇതു സംബന്ധിച്ച് അന്വേഷിക്കാൻ. സിൻസിയർ ആയ അന്വേഷണം ആണെങ്കിൽ അങ്ങനെയാണ് ചെയ്യേണ്ടത്. അല്ലാതെ എന്തെങ്കിലും വിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നുവെന്നതുകൊണ്ട് അത് തൃപ്തിക രമായ ഒരു അന്വേഷണമായി കരുതാൻ കഴിയില്ല. അതുകൊണ്ട് ഈ പ്രശ്നം സീരിയസ് ആണെന്ന് കാണുന്നുണ്ടെങ്കിൽ, ഈ സഭയിലെ ഒരു മെമ്പർക്ക് നേരെ നടത്തിയ അത്യന്തം ഹീനമായ ആക്രമണം, വെടിവച്ചുകൊല്ലുന്നതിനു വേണ്ടി തോക്കും ഏൽപ്പിച്ച് ആളെ അയച്ച വളരെ നിഷ്ഠൂരമായ ഒരു സംഭവത്തെ സംബന്ധിച്ച്, അതിൽ പങ്കാളികളായിരുന്ന ആളുകളെത്തന്നെ ഇന്നതുപോലെ ചെയ്യണമെന്ന ഡയറക്ഷൻ കൊടുക്കുന്നത് കേട്ടിരിക്കുന്ന ആൾ തന്നെ ഇപ്പോൾ സത്യം വെളിപ്പെടുത്തുകയാണ്. ആ പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി കേസ്സെടുത്തുകൊണ്ട് തന്നെ അന്വേഷണം നടത്തണം. അതിന് ബഹുമാനപ്പെട്ട മന്ത്രി എന്തുകൊണ്ടാണ് തയ്യാറാകാതിരിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. അടിയന്തരപ്രമേയം അവതരിപ്പിച്ച സംസാരിച്ച കോടി യേരി ബാലകൃഷ്ണൻ അന്വേഷണത്തിന് തെരഞ്ഞെടുത്ത ആളിനെപ്പറ്റി പറ ഞ്ഞപ്പോൾ, ശ്രീ. പി.കെ. ബഷീറിന്റെ കേസ്സന്വേഷണം നടത്താൻ ഏർപ്പെടുത്തിയ, ഭരണക്കാരുടെ വളരെ ഇഷ്ടക്കാരനായ ആളുണ്ട്, ശ്രീ. പി. കെ. ബഷീറിന് അസൗകര്യമായിട്ടുള്ള കേസ്സാണ് എടുത്തിരിക്കുന്നതെന്ന് മന സ്സിലായതുകൊണ്ട് അതൊന്ന് ചൊവ്വേ ആക്കണം. അതിനുപറ്റിയ ആൾ എന്ന

അടിസ്ഥാനത്തിൽ കണ്ട ആളിനെത്തന്നെ ഈ കേസ്സന്വേഷണത്തിലും എടുത്തു. അതുപറഞ്ഞ ഉടൻ തന്നെ ബഹുമാനപ്പെട്ട ആഭ്യന്തരകാര്യ വകുപ്പുമന്ത്രി അത് മാറ്റി ഒരു സാഹിബിനെയാക്കി. ആ സാഹിബ് അതേ സൈസ് തന്നെയാണോയെന്ന് അറിയില്ല. ഏതായാലും അന്വേഷിച്ചതിനുശേഷം ഈ പുതിയ അന്വേഷണക്കാരനെ സംബന്ധിച്ച് പറയാം. ഒരു കേസ് എടുത്ത് അന്വേഷണം നടത്തണ്ടേ? ആ കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി എന്തോ ഒളിച്ചുകളി നടത്തുന്നതുപോലെ തോന്നി. അതുപാടില്ല. സിൻസിയർ ആയി തന്നെ അന്വേഷിക്കട്ടെ. നമ്മുടെ സഹപ്രവർത്തകന്റെ നേരെ നടന്ന കൊലപാതക ശ്രമമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിലെടുക്കുന്ന നടപടികൾ ഒരുപോലെയായിരിക്കണം. അതിൽ വ്യത്യസ്തത ഉണ്ടാകാൻ പാടില്ല എന്നതിനോട് പൂർണ്ണമായും യോജിക്കുന്നു. അതുതന്നെ നടപ്പിലാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഉദ്യോഗസ്ഥനെ നിയമിച്ചത് സംബന്ധിച്ച് പറയാം, അഴീക്കോട് സംഭവത്തിന്റെ പേരിൽ ആ മേഖലയിലുള്ള ഐ.ജി. യെ അതിന്റെ ചുമതല ഏൽപ്പിച്ചു. ഇന്ന് കണ്ണൂർ മേഖലയുടെ അധിക ചാർജ്ജ് ഗോപിനാഥനാണ്. അഴീക്കോട് കേസ് അവിടെ ചാർജ്ജുള്ള ഐ.ജി. യെ ഏൽപ്പിച്ചിട്ട് ഇക്കാര്യത്തിൽ വ്യത്യസ്തമായ ഒരു സമീപനം എടുത്താൽ അത് വിമർശനത്തിന് ഇടയാക്കും എന്നതിന്റെ പേരിലാണ് കണ്ണൂരിന്റെ ചാർജ്ജുള്ള ഐ.ജി.-യെത്തന്നെ ഇതും ഏൽപ്പിച്ചത്. അതിനോടുള്ള റിസർവേഷൻ നിങ്ങൾ പ്രകടിപ്പിച്ചപ്പോഴാണ് ആ കാര്യത്തിൽ തുറന്ന മനസ്സാണെന്ന് ബോദ്ധ്യപ്പെടുത്തിക്കൊണ്ട് ആ നിമിഷം ആഭ്യന്തര വകുപ്പുമന്ത്രി മറ്റൊരു ഉദ്യോഗസ്ഥന്റെ നേതൃത്വത്തിലുള്ള പുതിയ ടീമിനെ ചുമതലപ്പെടുത്താമെന്ന് തീരുമാനിച്ചത്. കേസ്സെടുത്ത് അന്വേഷിക്കണ്ടേ? അന്വേഷിക്കണം.

പക്ഷേ, ഇതുവരെ നടത്തിയിട്ടുള്ള വെളിപ്പെടുത്തലുകളും ഇതും തമ്മിലുള്ള നിയമപരമായ വ്യത്യാസം, അത്.. ഗവൺമെന്റിന് നോക്കാതിരിക്കാൻ കഴിയില്ല. ............ (തടസ്സം)........ ഞാൻ ഏത് ചോദ്യത്തിനും മറുപടി പറയാൻ തയ്യാറാണ്. ഇക്കാര്യത്തിൽ ശ്രീ. കെ. സുധാകരന്റെ പേരിൽ ഒരു കേസ് നില വിലുണ്ട്. സുപ്രീംകോടതി സ്റ്റേ ചെയ്തിരുന്നത് മാറ്റി...... ഞാൻ അതിലേയ്ക്ക് വരികയാണ്. ശ്രീ. ഇ.പി. ജയരാജിനെ വെടിവച്ച കേസിൽ ശ്രീ. കെ. സുധാക രൻ പ്രതിയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, ശ്രീ. കെ. സുധാകരൻ പ്രതി യാണെന്ന സ്റ്റേറ്റ്മെന്റ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പുറത്തും നടത്തിയതായി അറിഞ്ഞു. പക്ഷേ, ശ്രീ. കെ. സുധാകരൻ താൻ പ്രതിയല്ലെന്ന് പ്രഖ്യാപച്ചിരി ക്കുകയാണ്. ആര് പറയുന്നതാണ് ശരി.

ശ്രീ. ഉമ്മൻ ചാണ്ടി : എനിക്ക് അതിനെപ്പറ്റി എന്തുപറയാൻ കഴിയും. വെടിവച്ച കേസ്സിലെ പ്രതിയല്ല, വെടിവച്ച കേസ്സിലെ ഗൂഢാലോചനയുടെ പ്രതിയാണ്. ശ്രീ. ഇ.പി. ജയരാജിനെ വെടിവച്ചതുമയി ബന്ധപ്പെട്ട കേസ്സിൽ ശ്രീ. കെ. സുധാകരൻ പ്രതിയാണ്, അതിന്റെ വിചാരണ നടക്കാൻ പോവുക യാണ്. അതിന് സുപ്രീംകോടതിയിൽനിന്ന് സ്റ്റേ ഉണ്ടായിരുന്നു. അതുകൊ ണ്ടാണ് അന്നത് നടക്കാതെ പോയത്. ഇപ്പോൾ ആ സ്റ്റേ മാറി. ഇതുസം ബന്ധിച്ച് എഫ്.ഐ.ആർ. പോലീസിന് ഇടണമെങ്കിൽ അതിനുവേണ്ട നിയമ പരമായ, സാങ്കേതികമായ പ്രശ്നങ്ങൾ പരിശോധിക്കണ്ടേ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞതാണ് പോയിന്റ്. അങ്ങനെ വരുമ്പോൾ ഇതുസംബബന്ധിച്ച് ഫർദർ ഇൻവെസ്റ്റിഗേ ഷൻ നടത്താം. പ്രശാന്ത് ബാബു ഇപ്പോൾ നടത്തിയിട്ടുള്ള വെളിപ്പെടുത്തൽ വച്ച് കോടതിയുടെ അനുമതിയോടെ ഫർദർ ഇൻവെസ്റ്റിഗേഷൻ നടത്താൻ

തയ്യാറാകുമോ? നിയമം വരുമ്പോൾ അങ്ങനെയല്ലേ? മറ്റൊരു വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ 4 കൊലക്കേസ്സുകളാണ് രജിസ്റ്റർ ചെയ്തത്. അപ്പോൾ ഒരു പ്രശ്നവും ഉണ്ടായില്ലല്ലോ. അതുപോലെ ഈ കൊലക്കേസ് അന്വേഷിക്കാത്തത് എന്താണ്? അതുപോലെ സേവറി ഹോട്ടൽ കേസ്സിലും നാല്പാടി വാസു വധക്കേസ്സിലും ശ്രീ. കെ. സുധാകരൻ പ്രതിയല്ല. അതൊക്കെ വെളിപ്പെടുത്തലിൽ ഉണ്ടല്ലോ. അതെല്ലാം പ്രതിചേർത്ത് അന്വേഷിക്കാൻ തയ്യാറാകുമോ?

ശ്രീ.ഉമ്മൻ ചാണ്ടി: സർ, ഞാൻ അതിലേയ്ക്ക് വരികയാണ്. അങ്ങ് പറഞ്ഞ പ്രധാനപ്പെട്ട ഇഷ്യൂ, ഞാൻ സമ്മതിക്കുന്നു. പക്ഷെ പോലീസോ ഗവൺമെന്റോ ഒരു നടപടി എടുക്കുമ്പോൾ നിയമാനുസൃതമായ നടപടിയേ എടുക്കാൻ കഴിയൂ. അതുകൊണ്ട് അതിന്റെ നിയമപരമായ എല്ലാ കാര്യങ്ങളും പരിശോധിച്ച് നീങ്ങും. ഈ കാര്യങ്ങളിലെല്ലാം ഗവൺമെന്റിന് ഒറ്റ സമീപനമേ ഉണ്ടാകൂ എന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് തരുന്നു. നിങ്ങൾ റിസർവേഷൻ പറഞ്ഞു, അപ്പോൾതന്നെ ഉദ്യോഗസ്ഥനെ മാറ്റാൻ ആഭ്യന്തര വകുപ്പുമന്ത്രി സമ്മതിച്ചു. പ്രതിപക്ഷത്തിനുകൂടി വിശ്വാസമാകത്തക്ക വിധത്തിൽ, എല്ലാവർക്കും വിശ്വാസമാകുന്ന വിധത്തിൽ.... കാരണം ശരിചെയ്താൽ മാത്രം പോര, ശരിയാണ് ചെയ്യുന്നതെന്ന് ബോധ്യപ്പെടുത്തുകയും വേണം. പക്ഷെ അതിന്റെ പേരിൽ നിയമത്തിന് അതീതമായി കടന്നുപോകാൻ സാധിക്കില്ല. അതുകൊണ്ട് ഞാൻ വീണ്ടും പറയുന്നു വിശ്വാസയോഗ്യമായ രീതിയിലുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ : സർ, പ്രശാന്ത് ബാബു എന്നു പറയുന്ന ആൾ ശ്രീ. കെ. സുധാകരന്റെ കൂടെ ഈ ക്രിമിനൽ കുറ്റം ചെയ്യാൻ

ഗൂഢാലോചനയിൽ പങ്കെടുത്ത ആളാണ്. അയാളുടെ പേരിൽ കേസ് എടുത്തുകൊണ്ട് അന്വേഷണം നടത്താമല്ലോ. സത്യം കണ്ടുപിടിക്കുകയെന്നുള്ളതാണ് നമ്മുടെ ലക്ഷ്യം. സത്യം കണ്ടുപിടിക്കുന്നതിനുവേണ്ടി ഏതെല്ലാം നിലയിലുള്ള പരിശ്രമം നടത്താമോ അതെല്ലാം നടത്തണം. അതിന് ഗവൺമെന്റിന്റെ സഹകരണം അത്യാവശ്യമാണ്. ആ നിലയിൽ ഒരു കേസ് എടുത്തുകൊണ്ട് അന്വേഷണം നടത്തുമ്പോഴാണ് പ്രശ്നത്തിന്റെ സീരിയസ്നെസ്സ് ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്നുവെന്നും പ്രതിപക്ഷം ചൂണ്ടിക്കാണിച്ച പ്രശ്നം ഗൗരവമായിതന്നെ ഗവൺമെന്റ് ഏറ്റെടുത്തിരിക്കുന്നുവെന്നും മനസ്സിലാകുന്നത്. അതുകൊണ്ട് ഗവൺമെന്റ് പ്രാഥമികമായി ഒരു കേസ് എടുത്തുകൊണ്ട് അന്വേഷണം നടത്തുകയെന്നുള്ളതല്ലെ ശരിയായ നടപടി. എന്ന് ഞാൻ ചോദിക്കുകയാണ്.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u> : സർ, നിലവിൽ ഒരു കേസ് നിലനിൽക്കെ ........... (തടസ്സം)........ എന്നു പറഞ്ഞിട്ട് കാര്യമുണ്ടോ?. നിങ്ങൾ അങ്ങനെ പറഞ്ഞ് ഗവൺമെന്റിനെ കീഴ്പ്പെടുത്താമെന്ന് ധരിക്കണ്ട. പക്ഷെ ഞാൻ വീണ്ടും പറയുന്നു, നിയമപരമായ നടപടികളുമായി മുന്നോട്ടു പോകും. ഇത് സുപ്രീം കോടതിവരെ പോയ കേസാണ്. ശ്രീ. കെ. സുധാകരന്റെ പേരിൽ കേസുണ്ട്. കോടതിയിൽ വിചാരണ നടക്കാൻ പോകുകയാണ്. ആ സമയത്ത് നിയമപരമായിട്ടുള്ള എല്ലാ നടപടികളും പരിശോധിച്ചുമാത്രമേ ചെയ്യാൻ സാധിക്കൂ.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u> : സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇത്തരത്തിൽ ഇടപെടുന്നതുകൊണ്ടാണ് ഞാൻ ചോദിക്കുന്നത്. പ്രശാന്ത് ബാബു വെളിപ്പെടുത്തിയിരിക്കുന്നത് ആ ഗൂഢാലോചനയിൽ അയാൾ പങ്കാളിയാണ് എന്നാണ്. പ്രശാന്ത് ബാബു ഇതുവരെ ആ കേസിൽ പ്രതിയല്ല.

പ്രതിയല്ലാത്ത ഒരാൾ അതിൽ അയാളുടെ പങ്കാളിത്തം സ്വയം വെളിപ്പെടുത്തിക്കഴിഞ്ഞ സാഹചര്യത്തിൽ അതൊരു പുതിയ വിവരമാണ്. അതിന്റെ അടിസ്ഥാനത്തിൽ പ്രശാന്ത് ബാബുവിന്റെ പേരിൽ എഫ്.ഐ.ആർ. തയ്യാറാക്കി അന്വേഷണം ആരംഭിച്ചുകൂടെ. ശ്രീ. കെ. സുധാകരനേയും കൂടി പിന്നീട് പ്രതിയാക്കാൻ സാധിക്കുമല്ലോ. ഇപ്പോൾ ശ്രീ. കെ. സുധാകരൻ ഈ കേസിൽ പ്രതിയാണെങ്കിൽ പ്രശാന്ത് ബാബു പ്രതിയല്ല. ഇപ്പോൾ പ്രശാന്ത് ബാബു ആണ് വെളിപ്പെടുത്തിയിരിക്കുന്നത്. അങ്ങ് ഉടനെ ഒരു എഫ്.ഐ. ആർ ഇട്ട് പ്രശാന്ത് ബാബുവിനെ ചോദ്യം ചെയ്ത് വിവരങ്ങൾ ശേഖരിക്കാത്തതെന്താണ്. ഇതിലുള്ള കേസ് വരാത്ത രീതിയിൽ സംരക്ഷിക്കാൻ വേണ്ടി ഈ പുതിയ വെളിപ്പെടുത്തലുകൾ തമസ്കരിക്കുക എന്നുള്ളതല്ലേ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ഉമ്മൻ ചാണ്ടി::</u> ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ, ശ്രീ. കെ. സുധാകരന്റെ പേരിൽ ഗൂഢാലോചനയുടെ പേരിൽ എടുത്തിട്ടുള്ള കേസ് വിചാരണയിൽ ഇരിക്കുന്ന അവസരമാണ്. നിയമപരമായിട്ടുള്ള എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷമേ ഞങ്ങൾ എന്തെങ്കിലും ഒരു നടപടി എടുക്കൂ. അല്ലെങ്കിൽ ഈ പറയുന്ന ശ്രീ. കോടിയേരി ബാലകൃഷ്ണൻ തന്നെ പറയും "ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. സുധാകരനെതിരെ ഗൂഢാലോചനയ്ക്കുവേണ്ടി എടുത്ത കേസ് നിങ്ങൾ ഇടപെട്ട് ബലഹീനമാക്കിയെന്ന് ". അതുകൊണ്ട് വളരെ വ്യക്തമായി ഈ സഭയിലൂടെ കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ പറയുകയാണ്, ഞങ്ങൾ ഈ കാര്യങ്ങളെല്ലാം സുതാര്യമായ രീതിയിൽ നിയമപരമായ നടപടികൾ സ്വീകരിക്കും. മറ്റുള്ള വെളിപ്പെടുത്തലുകളിൽ നിന്ന് വ്യത്യസ്തമായിട്ടുള്ള സാഹചര്യം

ഞങ്ങളെ സംബന്ധിച്ചിടത്തോളം ഏതെങ്കിലും വിധത്തിൽ നിയമനടപടിയിൽ വെള്ളം ചേർക്കാനല്ല. മറിച്ച്, ചെയ്യുന്നത് ശരിയാണ് എന്ന് ഉറപ്പുവരുത്താനും, ഞങ്ങൾ ചെയ്യുന്നത് നിയമത്തിന്റെ മുന്നിൽ ശരിയാണ് എന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താനും സാധിക്കത്തക്ക വിധത്തിലാണ്. ആ കാര്യത്തിൽ ഒരു വിട്ടുവീഴ്ചയും ഉണ്ടാകില്ല എന്ന് ഞാൻ ഒരിക്കൽകൂടി വ്യക്തമാക്കുന്നു.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഞാൻ നേരത്തെ ചോദിച്ച ആ ചോദ്യം തന്നെ വീണ്ടും ചോദിക്കുകയാണ്. അതിൽ നിന്ന് എന്തുകൊണ്ടാണ് അങ്ങ് ഒഴിഞ്ഞുമാറുന്നതെന്ന് മനസ്സിലാകുന്നില്ല. ശ്രീ. കെ. സുധാകരന്റെ പേരിൽ ഇപ്പോൾ എടുത്തിട്ടുള്ള കേസ് അന്നത്തെ സാഹചര്യം അനുസരിച്ച് സുപ്രീംകോടതിയിൽ സ്റ്റേ ഉണ്ടായിരുന്നു. ഇപ്പോൾ ആ സ്റ്റേ വെക്കേറ്റ് ചെയ്തു. അത് ശരിയായ നിലയിൽ വന്നോട്ടെ. അതിലെ മറ്റൊരു പ്രതികൂടി ഇപ്പോൾ വെളിപ്പെടുത്തിയിരിക്കുകയാണ്. അയാൾ വെളിപ്പെടുത്തിയ കേസിലെ പ്രതികൾ വേറെയുമുണ്ട്. അത് ഇവിടെ ചൂണ്ടിക്കാണിച്ചു. അവരെയെല്ലാം കൂടെ ചേർത്തുകൊണ്ട് നിയമപരമായ നിലയിൽ കുറ്റം ചെയ്ത ആളുകൾ ശിക്ഷിക്കപ്പെടണമെന്നുള്ള സിൻസിയറായിട്ടുള്ള ഉദ്ദേശത്തോടുകൂടി അവരെയെല്ലാം കേസിൽ പ്രതികളാക്കികൊണ്ട് ഒരു കേസ് എടുക്കണം. എന്നിട്ട് അന്വേഷണം തുടങ്ങണം. ശ്യൂന്യതയിൽ നിന്ന് ഒരന്വേഷണം നടത്തുന്നതിനേക്കാൾ വസ്തുതകൾ എന്താണെന്ന് വെളിപ്പെടുത്തിയ ആൾ കൂടുതൽ വസ്തുതകൾ വെളിപ്പെടുത്താൻ ബാധ്യസ്ഥനാണ് എന്നുള്ള അടിസ്ഥാനത്തിൽ കേസ് എടുത്തുകൊണ്ടുള്ള ഒരന്വേഷണമല്ലേ നല്ലത്. എന്തിനാണ് അങ്ങ് അതിൽ നിന്ന് ഒഴിഞ്ഞ് മാറുന്നതെന്ന് മനസ്സിലാകുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ ഒന്നിൽ നിന്നും ഒഴിഞ്ഞ് മാറിയിട്ടില്ല. ഞാൻ ഉള്ള കാര്യങ്ങൾ തുറന്നു പറയുകയാണ്. ഏതായാലും ഈ നിയമ സഭാ ഹാളിൽ വച്ച് ചർച്ച നടത്തി പ്രതികളെ നിശ്ചയിക്കാനോ പ്രതികളെ അകത്തേയ്ക്ക് കൊടുത്തയയ്ക്കാനോ അല്ല ഞങ്ങൾ ആഗ്രഹിക്കുന്നത്. മറിച്ച്, സുതാര്യമായി ഇത് സംബന്ധിച്ച് അന്വേഷണം നടത്തുകയും നിയമ പരമായ നടപടികൾ സ്വികരിക്കുകയും ചെയ്യും. ഞങ്ങൾ അന്വേഷണ ഉദ്യോഗസ്ഥൻമാരെ നിയോഗിക്കുന്നത് അതിനുവേണ്ടിയാണ്. ഇന്ന് നിലനിൽക്കുന്ന കേസും അതിന്റെ നിയമപരമായ നടപടികളും പുതിയ വെളി പ്പെടുത്തലുകളും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഇത് രണ്ടുംകൂടെ സമ ന്വയിപ്പിച്ചുകൊണ്ട് പോകണം . ഇല്ലെങ്കിൽ നാളെ നിങ്ങൾ തന്നെ ഞങ്ങളെ കുറ്റപ്പെടുത്തും. "ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഞങ്ങൾ കൊണ്ടു വന്ന കേസ് ബലഹീനപ്പെടുത്താൻ വേണ്ടി നിങ്ങൾ ശ്രമിച്ചു" എന്ന് നിങ്ങൾ നാളെ പറയും. അതുകൊണ്ട് ഗവൺമെന്റിന്റെ നിലപാട് വളരെ വ്യക്തമാണ്. അത് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി വ്യക്തമാക്കിയിട്ടുണ്ട്.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങ് കോൺഗ്രസിന്റെ നേതാവാണ്. പക്ഷെ അങ്ങ് ഇപ്പോൾ കേരളത്തിന്റെ മുഖ്യമന്ത്രിയാണ്. അങ്ങ് ഈ കേസ് ഇത്ര ലാഘവത്തോടുകൂടി കാണരുത്. ഞങ്ങളെ വെടിവച്ച് കൊല്ലാൻ വേണ്ടി വാടകകൊലയാളികളെ ഉപയോഗിച്ചു. ആ സംഭവം നടന്നു. ആ സംഭവത്തെ തുടർന്ന് കണ്ണൂർ ജില്ലയിൽ മുഴുവൻ ക്വട്ടേഷൻ സംഘത്തെകൊണ്ടുവന്ന് നിരവധി ഭീകരപ്രവർത്തനങ്ങൾ നടത്തി ബോംബും ആയുധങ്ങളുമായി പല കേന്ദ്രങ്ങളിലും കേന്ദ്രീകരിച്ച് അങ്ങേയറ്റത്തെ ഭീകരവാദികളുടെ പ്രവർത്തനം നടത്താൻ പദ്ധതി തയ്യാറാക്കിയിരിക്കുന്നു എന്നാണ് പ്രശാന്ത് ബാബു വെളി

പ്പെടുത്തിയിട്ടുള്ളത്. അങ്ങ് എത്ര ലാഘവത്തോടുകൂടിയാണ് ഈ പ്രശ്നത്തെ കാണുന്നത്. ആ കാലഘട്ടങ്ങളിൽ കോൺഗ്രസിന്റെ ഡി.സി.സി. ഓഫീസിൽ ബോംബ് നിർമ്മിച്ച പടം, ബോംബ് നിർമ്മിക്കുന്ന ആൾ എല്ലാം സഹിതം ഇൻഡ്യാ ടുഡേ പത്രം വെളിപ്പെടുത്തി. ഒരു കോൺഗ്രസിന്റെ ഡി.സി.സി. സെക്രട്ടറി പറയുന്നത് ഞങ്ങളുടെ ഓഫീസിൽ മൂന്നുതരം ബോംബ് നിർമ്മിക്കുന്നുണ്ട് എന്നാണ്. അത് പത്രത്തിൽ എടുത്ത് കാണിക്കുകയാണ്. അത് ഡി.സി.സി. സെക്രട്ടറി ശ്രീ. നാരായണൻ കുട്ടിയുടെ വെളിപ്പെടുത്തലാണ്. അന്നൊക്കെ നടന്നിട്ടുള്ള ഈ ഭീകര സംഭവങ്ങൾ നിങ്ങൾ ഇത്ര ലാഘവത്തോടുകൂടി കാണരുത്. നിങ്ങൾ എടുക്കുന്ന നിലപാട് വളരെ ഖേദകരമാണ് എന്നു പറയാൻ ആഗ്രഹിക്കുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട ശ്രീ. ജയരാജൻ പറഞ്ഞതിൽ വളരെയധികം വേദനയുണ്ട്. ഞങ്ങളൊരിക്കലും ലാഘവ ബുദ്ധിയോടുകൂടി കാണുന്നില്ല. ബഹുമാനപ്പെട്ട ശ്രീ. ജയരാജൻ, ഈ ഗവൺമെന്റ് എടുക്കുന്ന നടപടികൾ കണ്ണൂർ ജില്ലയെ ഇതുപോലുള്ള പ്രശ്നങ്ങളിൽ നിന്ന് മോചിപ്പിക്കുവാനുള്ളതാണ്. അത് നിങ്ങളോ ഞങ്ങളോ മൂന്നാമതൊരാളോ എന്ന വ്യത്യാസമില്ല. എല്ലാവരിൽ നിന്നും കണ്ണൂർ ജില്ലയിലെ ബോംബ് വ്യവസായവും കൊലപാതക രാഷ്ട്രീയവും അവസാനിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ്. അതിൽ ഞങ്ങൾ ഏതെങ്കിലും വിധത്തിൽ വെള്ളം ചേർത്താൽ ആ ശ്രമം വിജയിക്കില്ല എന്ന് ഞങ്ങൾക്കറിയാം. ഇതുപോലുള്ള കാര്യങ്ങളിൽ കർശനമായ നിലപാട് മുഖം നോക്കാതെ സ്വീകരിച്ചാൽ മാത്രമേ ഇതിൽ നിന്നൊരു മോചനമുണ്ടാകുകയുള്ളൂ. ഈ അവസരത്തിൽ എനിക്ക് വീണ്ടും പറയാനുള്ളത് ഈ കാര്യത്തിൽ നിയമനടപടികളിൽ യാതൊരു വ്യതിയാനവും ഞങ്ങൾ ഉണ്ടാക്കുകയില്ല എന്നാണ്. നിയമത്തിന്റെ

നടപടികൾ ശക്തമായി തന്നെ മുന്നോട്ട് പോകും. ഈ അക്രമ സാഹചര്യങ്ങൾ, ബോംബിന്റെ കാര്യങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞത് വളരെ ശരിയാണ് അത് ഒരിടത്തല്ല എല്ലായിടത്തും അത് ഇല്ലാതാക്കാൻ വേണ്ടിയുള്ള ഈ ഗവൺമെന്റിന്റെ ശക്തമായ നടപടികളോട് നിങ്ങൾ സഹകരിക്കണം എന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇവിടെ വന്നിട്ടുള്ള പുതിയ വിവരങ്ങളുണ്ട്. സേവറി ഹോട്ടൽ കേസിൽ എന്താണ് നടപടിയെടുക്കാത്തത് എന്ന് ചോദിച്ചു. പ്രശാന്ത് ബാബു ആ കേസിലെ ഒരു പ്രതിയായിരുന്നു പ്രശാന്ത് ബാബുവിനെ കോടതി വെറുതേ വിട്ടതാണ്.... .....(ബഹളം)...... പ്രശാന്ത് ബാബുവിന്റെ പേരിൽ കേസെടുക്കാൻ സാധിക്കുമോ? ഇടുക്കിയിലെ കേസ് നിയമാനുസൃതം എടുത്തിട്ടുള്ളതാണ്, ഇന്ത്യൻ തെളിവ് നിയമം സെക്ഷൻ 21 പ്രകാരമുള്ള എക്സ്ട്രാ ജുഡീഷ്യൽ കൺഫെഷനാണ്. ഇത്. അതുപോലുള്ള ഒന്നല്ല.....(ബഹളം)......ഞാൻ വീണ്ടും...(ബഹളം)....... ഗവൺമെന്റിന്റെ നിലപാട് ആവർത്തിച്ച് ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി പറഞ്ഞതിന് പുറമേ ആവർത്തിച്ച് പറഞ്ഞു കഴിഞ്ഞു. നിങ്ങൾക്കത് പൂർണ്ണ ബോധ്യമുണ്ടാകുമെന്നാണ് എന്റെ വിശ്വാസം. ഇല്ലെങ്കിൽ എനിക്ക് ഒന്നും പറയാനില്ല. ഞാൻ വീണ്ടും ആവർത്തിക്കുന്നു. ഇങ്ങനെ രാഷ്ട്രീയം പോകുന്നത് ശരിയല്ല....(ബഹളം).....നീതി പൂർവ്വമായ സാഹചര്യം വരുത്തുന്നതിന് ഗവൺമെന്റ് എല്ലാ വിധത്തിലും പ്രവർത്തിക്കു മെന്ന് പറയുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>): സർ, ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രി പറഞ്ഞത് വേറൊരു രൂപത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവർത്തിച്ചിരിക്കുകയാണ്. അതെന്തുകൊണ്ടെ ന്നുള്ളത് വ്യക്തമായല്ലോ? കേസെടുത്ത് അന്വേഷിക്കുക എന്നുള്ളത്

ഒഴിവാക്കാൻ എന്തെല്ലാം ന്യായങ്ങൾ പറയാൻ കഴിയുമോ അതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ പറഞ്ഞത്. അത് യാതൊരു കാരണവശാലും ഞങ്ങൾക്ക് അംഗീകരിക്കാൻ കഴിയില്ല. എന്തുകൊണ്ടെന്നാൽ പ്രശാന്ത് ബാബു ഒരു ഗൂഢാലോചന കേസിലെ പ്രതി എന്ന നിലയിലാണ് കേസിൽ നിന്നൊഴിവാക്കപ്പെട്ടത്. പക്ഷെ ഇപ്പോൾ അയാൾ ആ ഗൂഢാലോചനയിൽ പങ്കാളിയാണെന്ന് സ്വയം വെളിപ്പെടുത്തി യിരിക്കുകയാണ്. അതിന്റെ മേൽ തന്നെ കേസെടുക്കാം. ഞങ്ങൾ പ്രതിപക്ഷം പറയുന്നു എന്നുള്ളതുകൊണ്ട് മാത്രം കേസെടുക്കണം എന്ന് പറയുന്നില്ല. നല്ല നിയമജ്ഞൻമാരുമായി ഇതുസംബന്ധിച്ച് ആലോചിച്ച്..... അതെ ഒരു ലാ മിനിസ്റ്റർ ഉണ്ടല്ലോ? അദ്ദേഹം ഒരു ചെറിയ പാലാ വക്കീൽ മാത്രമല്ല, കുറച്ചൊരുയർന്ന നിയമമറിയാവുന്ന ആളുതന്നെയാണ്. അതുകൊണ്ട് വേണ്ടപ്പെട്ടവരുമായെല്ലാം ശ്രീ. കെ.എം. മാണിയുമായും ലായെ സംബന്ധിച്ച്, കേസിനെ സംബന്ധിച്ച്, കൂടുതലായി കാര്യങ്ങൾ കോൺട്രിബ്യൂട്ട് ചെയ്യാൻ കഴിയുന്ന ആളുകളുമായി ആലോചിച്ചതിന് ശേഷം... ഞങ്ങൾ പറയുന്ന കാര്യം അസ്ഥാനത്തല്ല ശരിയായ നിലയിൽ തന്നെ അത് കൈകാര്യം ചെയ്യാൻ കഴിയുന്നതാണെങ്കിൽ പ്രഥമ വീക്ഷണത്തിൽ തന്നെ ഒരു കേസെടുക്കാതെ അന്വേഷണം നടത്തുകയെന്നത്, ഒരു കബളിപ്പിക്കലിന്റെ അന്വേഷണമാണെന്ന് ആളുകൾ പറയും. അതുകൊണ്ട് നിങ്ങളുടെ മോശത്തരത്തെ സംബന്ധിച്ച് ആളുകൾക്ക് അഭിപ്രായമുണ്ടാകാതിരിക്കാൻ വേണ്ടിയാണ് ഞങ്ങൾ ആവർത്തിച്ച് ഈ കാര്യങ്ങൾ പറയുന്നത്. ഒരു കേസെടുത്തുകൊണ്ട് അന്വേഷണം നടത്തുക. അയാളുടെ വെളിപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ, വാസ്തവത്തിൽ അയാളിതെല്ലാം ശ്രീ. സുധാകരന്റെ കൂടെ ചേർന്ന് ചെയ്ത

ആളാണ്. അയാൾ പ്രതിയാണ്. ആ നിലയിൽ കേസെടുത്തുകൊണ്ട് ശരിയായ നിലയിൽ അന്വേഷണം നടത്താനുള്ള സാധ്യത വളരെ വ്യക്തമായി തെളിഞ്ഞിരിക്കുകയാണ്. അങ്ങനെ കേസെടുത്തുകൊണ്ടുള്ള അന്വേഷണ മാണ് നടത്തേണ്ടത് എന്ന പ്രതിപക്ഷത്തിന്റ ആവശ്യം മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയും സംസാരത്തിൽ ഏതാണ്ട് ഫലത്തിൽ നിരാകരിക്കുന്നു എന്ന് വന്നിരിക്കുന്ന സാഹചര്യത്തിൽ ഞങ്ങൾക്ക് ഈ സഭയിൽ നിങ്ങളോട് സഹകരിച്ചിരിക്കാൻ കഴിയാതെ വന്നതിൽ ഖേദമുണ്ട്. ബഹുമാനപ്പെട്ട സ്പീക്കറോട് ഞാൻ പറയുകയാണ്, ഈ തെറ്റായ നിലപാട് ഇങ്ങനെ പോകുന്നത് ശരിയല്ല. രണ്ടു തരം സമീപനം ശരിയല്ല എന്ന് സൗകര്യം കിട്ടുമ്പോൾ ഭരണകക്ഷിയോട് ഉപദേശിച്ച് ആ നിലയിൽ കൊണ്ടുവരാൻ ശ്രമിക്കുമെന്ന് ഞാൻ ആശിക്കുന്നു. ഏതായാലും ഗവൺമെന്റിന്റെ ഈ നടപടിയിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്ത് പോയി)

(അദ്ധ്യക്ഷ വേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. സി. ദിവാകരൻ: സർ, ഈ സംഭവം ചണ്ഢിഗഡ് സി.പി.ഐ.(എം) പതിനഞ്ചാം പാർട്ടി സമ്മേളനത്തിൽ പങ്കെടുക്കാൻ വേണ്ടി രാജധാനി എക്സ്പ്രസ്സിൽ യാത്ര ചെയ്യുമ്പോഴാണ്. 1995 ഏപ്രിൽ 12–ാം തീയതി ആന്ധ്രാപ്രദേശിലെ പിരാലിക്കടുത്തു വച്ച് രാജധാനി എക്സ്പ്രസ്സിൽ വച്ചാണ് ശ്രീ. ഇ.പി. ജയരാജനെ വെടിവച്ചു കൊല്ലാൻ ശ്രമിച്ചത്. കഴുത്തിൽ വെടിയേറ്റ ശ്രീ. ജയരാജൻ തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്. ശ്രീ. ജയരാജൻ വധോദ്യമ കേസിൽ ശ്രീ. സുധാകരന്റെയും മറ്റു ചിലരുടെയും പങ്ക്, ശ്രീ.

ജയരാജനെ വെടിവച്ചവർ പിടിയിലായപ്പോൾ അന്നു തന്നെ പുറത്തു വന്നിരുന്നു. ഇപ്പോൾ ഈ കേസുകളിലെല്ലാം പുതിയ തെളിവുകൾ വന്നിരിക്കുകയാണ്. ഈ പുതിയ തെളിവുകളുടെ അടിസ്ഥാനത്തിൽ കേസെടുത്ത് അന്വേഷണം നടത്താൻ ബഹുമാനപ്പെട്ട ആഭ്യന്തര മന്ത്രിയോ മുഖ്യമന്ത്രിയോ തയ്യാറാകുന്നില്ല. ഇത് സഭാനടപടികൾ നിർത്തി വച്ച്....... ഈ സഭയുടെ പ്രതിപക്ഷത്തു നിന്ന് ഞങ്ങൾ ഉന്നയിച്ചത് ഈ സഭയിലെ അംഗത്തിന് നേരെ നടന്ന വെടിവയ്പ്പാണ്, കൊല്ലാൻ ശ്രമിച്ചതാണ്. ആ കൊലപാതകത്തെക്കുറിച്ച് ഞങ്ങൾക്ക് പ്രതിഷേധിക്കൻ അത് കേൾക്കാനുള്ള സൻമനസ്സ് പോലുമില്ല. നിങ്ങൾ കേസെടുക്കുന്നില്ലെന്ന്. തീരുമാനിച്ചിരിക്കുയാണ്. കേസില്ല. അന്വേഷണമെന്ന് പറയുന്നത് വെറും പ്രഹസനമാണ്. സഭാംഗങ്ങളുടെ ജീവന് സംരക്ഷണം നൽകേണ്ടത് സഭയാണ്. സഭയുടെ അദ്ധ്യക്ഷനാണ്. അതുകൊണ്ടാണ്. ഞങ്ങൾ ഈ പ്രതിഷേധം രേഖപ്പെടുത്തുന്നത്. ഇത് ചർച്ച ചെയ്യാൻ പോലും സന്മൻസ്സ് കാണിക്കാത്ത ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്ത് പോയി)

<u>ശ്രീ. മാത്യു റ്റി. തോമസ്</u>: സർ, ഞെട്ടിപ്പിക്കുന്ന ചില വിവരങ്ങളാണ് പ്രശാന്ത് ബാബു വെളിപ്പെടുത്തിയിരിക്കുന്നത്. രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമായി കൊലപാതകങ്ങൾ സംസ്ഥാനത്ത് തുടരുന്നത് നമുക്കാർക്കും ഭൂഷണമല്ല. മനുഷ്യ സ്നേഹത്തിലധിഷ്ഠിതമായി മാത്രമേ രാഷ്ട്രീയ പ്രവർത്തനം നടത്താൻ കഴിയുകയുള്ളൂ. ഏത് ഭാഗത്തുള്ളവരായാലും മനുഷ്യ ജീവൻ വിലപ്പെട്ടതാണ്, അമൂല്യമാണ്. പൊതുപ്രവർത്തനത്തിന്റെ

ഭാഗമായി മനുഷ്യ ജീവൻ എടുക്കപ്പെടുന്നത് നമ്മളാരും പ്രോത്സാഹിപ്പിക്കുവാൻ പാടില്ല എന്നു തന്നെയാണ് എന്റെ വിശ്വാസം. ശ്രീ. ഇ.പി. ജയരാജനെ വധിക്കാനുള്ള ശ്രമമടക്കം നാൽപ്പാടി വാസുവിന്റെ വധം നടത്തിയ കാര്യത്തിലും സേവറി ഹോട്ടലിൽ വച്ച് നാണുവിനെ കൊലപ്പെടുത്തിയ കാര്യത്തിലും ടി. കെ. ബാലൻ എം.എൽ.എ-യുടെ മകന്റെ നേരെ ബോംബെറിഞ്ഞ കാര്യത്തിലും എല്ലാം ഒരു രാഷ്ട്രീയ നേതാവിന് പങ്കുള്ളതായി പ്രശാന്ത് ബാബു വെളിപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിൽ നീതി രണ്ടു തരത്തിലാകാൻ പാടില്ല. മനുഷ്യ ജീവൻ വിലപ്പെട്ടതാണ്. ആരുടെയും ജീവൻ എടുക്കാൻ ഒരു രാഷ്ട്രിയ പ്രവർത്തകനും അവകാശമില്ല. ഒരു പൊതു പ്രവർത്തകനും അവകാശമില്ല. പൊതു പ്രവർത്തനത്തിന്റെ ഭാഗമായി മനുഷ്യ ജീവൻ എടുക്കുന്നത് ഒരു തരത്തിലും പ്രോത്സാഹിപ്പിക്കുവാൻ പാടില്ല. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. പേരുകളൊക്കെ അവിടെ നിൽക്കട്ടെ. ഭരണഘടനയുടെ 14-ാം വകുപ്പ് പറയുന്നത് നിയമത്തിന്റെ മുൻപിൽ എല്ലാവരും തുല്യരാണെന്നാണ്. കേരളത്തിൽ ഈ സർക്കാർ ഭരിക്കുമ്പോൾ എൽ.ഡി.എഫ്. പ്രവർത്തകർ പ്രതികളായി വന്നാൽ ഒരു നിയമവും യു.ഡി.എഫ്.-ലെ നേതാക്കാൾ പ്രതികളായി വന്നാൽ വേറോരു നിയമവും എന്ന ഇരട്ടത്താപ്പ് പാടുണ്ടോ? ഭരണഘടനാ തത്വങ്ങൾ പാലിക്കപ്പെടേണ്ടേ? നീതിയും നിയമവും ഒരു പോലെ പ്രയോഗിക്കപ്പെടണ്ടേ? ഞെട്ടിപ്പിക്കുന്ന ചില വിവരങ്ങൾ വെളിപ്പെട്ടതിന് ശേഷം ഒരു എഫ്.ഐ.ആർ എടുക്കുവാൻ പോലും അമാന്തം കാണിക്കുന്ന സർക്കാരിന് എന്ത് ന്യായീകരണമാണ് പറയാനുള്ളത്. ഇവിടെ സമാധാനത്തിലധിഷ്ഠിതമായ മനുഷ്യ സ്നേഹത്തിലധിഷ്ഠിതമായ പൊതു പ്രവർത്തനം തന്നെ തുടരണം എന്ന് വിശ്വസിക്കുന്ന ഒരു പ്രസ്ഥാനത്തിൽപ്പെട്ട ആളെന്ന നിലയിൽ ഇവിടെ

കേസെടുത്ത് അന്വേഷണം നടത്തി കുറ്റക്കാരെ ശിക്ഷിക്കുന്ന നടപടിയിലേക്ക് വളരെ വേഗത്തിൽ പോകേണ്ട ഗവൺമെന്റ് അക്കാര്യത്തിൽ അമാന്തം കാണിക്കുന്നത് അതിൽ പ്രതികളായി സൂചിപ്പിക്കപ്പെട്ട ആളുകൾ യു.ഡി. എഫുകാരാണെന്നുള്ളതുകൊണ്ട് തന്നെയാണ്. ഈ നിലപാട് അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഇത് ചർച്ച ചെയ്യാൻ പോലും തയ്യാറാകാത്ത സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. മാത്യു. റ്റി. തോമസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്ത് പോയി)

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു സംഭവുമായി ബന്ധപ്പെട്ടാണ് അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുള്ളത്. വളരെ വലിയ വെളിപ്പെടുത്തലുകളാണ് പ്രശാന്ത് ബാബു പ്രഖ്യാപിച്ചത്. ജൂൺ 30-ാം തീയതി എല്ലാ ചാനലുകളും അത് റിപ്പോർട്ട് ചെയ്തു. പ്രശാന്ത് ബാബു എന്ന കോൺഗ്രസുകാരൻ കണ്ണൂർ എം.പി.-യായ ശ്രീ. കെ. സുധാകരന്റെ എല്ലാ പ്രവൃത്തിക്കും ഒത്താശ ചെയ്തുകൊടുക്കുന്ന ആളായിരുന്നു. ആ പ്രശാന്ത് ബാബു എങ്ങനെപ്പോയി വെളിപ്പെടുത്തി എന്നതിനെ സംബന്ധിച്ചൊന്നും ഇവിടെ ചർച്ച ചെയ്യപ്പെടുന്നില്ല. എം. എം. മണി ഇടുക്കിയിൽ ഒരു പൊതുയോഗത്തിൽ സംസാരിച്ചതിന്റെ പേരിൽ ഇന്നലെ 5 മണിക്കൂറാണ് ചോദ്യം ചെയ്തത്. പ്രശാന്ത് ബാബു കേരളത്തിൽ ഇങ്ങനെ ഒരു വെളിപ്പെടുത്തൽ നടത്തിയപ്പോൾ എന്തുകൊണ്ട് പ്രശാന്ത് ബാബുവിന്റെ പേരിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസെടുക്കാൻ ഗവൺമെന്റ് തയ്യാറാകുന്നില്ല? നാൽപ്പാടി വധക്കേസിൽ പ്രശാന്ത് ബാബു പന്ത്രണ്ടാം പ്രതിയാണ്. പന്ത്രണ്ടാമത്തെ പ്രതി എന്ന നിലയിൽ പ്രശാന്ത്

ബാബുവിനെ ചോദ്യം ചെയ്തിട്ടുണ്ടോ? സേവറി ഹോട്ടലിൽ വച്ച് നാണുവിനെ കൊല്ലപ്പെടുത്തിയ കേസിൽ അദ്ദേഹം പ്രതിയാണ്. കേരള നിയമസഭയിലെ തന്നെ എം.എൽ.എ. ആയിരുന്ന സഖാവ് ടി. കെ. ബാലൻ എം.എൽ.എ. യുടെ മകനെ ബോംബെറിഞ്ഞു കൊല്ലാൻ ശ്രമിച്ചു. അതിലും ശ്രീ. കെ. സുധാകരൻ പ്രതിയാണെന്ന് ഇടതുപക്ഷജനാധിപത്യ മുന്നണിയുടെ പ്രവർത്തകരോ നേതാക്കന്മാരോ ആണോ പറയുന്നത്? ഈ കേസിലെല്ലാം പ്രതി ശ്രീ. കെ. സുധാകരനാണെന്ന് പറഞ്ഞത്, അദ്ദേഹത്തിന്റെ എല്ലാ ദുഷ്ചെയ്തികൾക്കും ഒത്താശ ചെയ്തുകൊടുത്ത എല്ലാ രീതിയിലുമുള്ള സഹായം ചെയ്തു കൊടുത്ത പ്രശാന്ത് ബാബുവിന്റെ വെളിപ്പെടുത്തൽ നിരാകരിക്കാൻ കഴിയില്ല. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രിയെ കുറ്റം പറയുന്നില്ല. ആഭ്യന്തര വകുപ്പുമന്ത്രി നല്ല ഒരു മന്ത്രിയാണ്. ഞങ്ങൾ സമ്മതിക്കുന്നു. പക്ഷേ കേരളം ചർച്ച ചെയ്യപ്പെടുന്ന വിഷയമാണ്, ഈ പ്രധാനപ്പെട്ട വിഷയം എന്തുകൊണ്ട് ചർച്ച ചെയ്യപ്പെടുന്നില്ല. അങ്ങയുടെ മറുപടിയിൽ പ്രശാന്ത് ബാബുവിനെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് കേസെടുക്കാൻ തയ്യാറായെങ്കിൽ ഞങ്ങൾ സഭ ബഹിഷ്ക്കരിക്കേണ്ട കാര്യമില്ലായിരുന്നു. ഞങ്ങൾ ഈ നിയമസഭയിൽ പറയുന്നത് സവിസ്തരം അർത്ഥമുള്ള കാര്യങ്ങളാണ്, അല്ലാതെ വെറുതെ വന്ന് പറയുന്നതല്ല. ഇവിടെ യിരിക്കുന്ന ശ്രീ. ഇ. പി. ജയരാജനെ കൊല്ലാൻ ശ്രമിച്ചു. അതിലെ പ്രധാന പ്രതി ശ്രീ. കെ. സുധാകരനും അദ്ദേഹത്തിന്റെ പാർട്ടിയുമാണെന്ന് പറഞ്ഞ പ്പോൾ എന്തുകൊണ്ട് കേസെടുക്കുന്നില്ല. മുഖ്യമന്ത്രിയടക്കം ഞങ്ങൾക്ക് വേണ്ടുന്ന നിർദ്ദേശം തരുന്നയാളാണ്. പക്ഷേ മുഖ്യമന്ത്രിയും ശ്രീ. കെ. സുധാകരനെ പേടിക്കുന്നു. ശ്രീ. കെ. സുധാകരനെ പേടിക്കുന്നതു കൊണ്ടാണ് മുഖ്യമന്ത്രി, ശ്രീ. കെ. സുധാകരനെതിരെയും പ്രശാന്ത്

ബാബുവിനും എതിരെ കേസെടുക്കാത്തത്. അതാണ് ഇവിടെ തെളിയുന്നത്. മുഖ്യമന്ത്രിക്ക് ചിലപ്പോൾ കണ്ണൂരിൽ പോകാൻ സാധിക്കില്ല. അവിടത്തെ ലീഡർ ശ്രീ. കെ. സുധാകരൻ എന്നാണ് അദ്ദേഹത്തിന്റെ അറിവ്. അതു കൊണ്ടായിരിക്കാം മുഖ്യമന്ത്രി ചിലപ്പോൾ ശ്രീ. കെ. സുധാകരനെതിരെ വർത്തമാനം പറയാത്തത്. ഞാൻ കണ്ണൂരിൽ പലപ്പോഴായി പോയിട്ടുള്ളതാണ്. നിങ്ങൾ ഇപ്പോഴല്ലേ പോയി മത്സരിച്ചത്. ശ്രീ. കെ. എം. ഷാജി ഇപ്പോഴല്ലേ പോയി മത്സരിച്ച് ജയിച്ചത്. അതുകൊണ്ട് ഇത് അടിയന്തരമായി ചർച്ച ചെയ്യ പ്പെടേണ്ട വിഷയമായിരുന്നു. ഈ വിഷയത്തിൽ ഗവൺമെന്റ് കാട്ടിയ നിഷേ ധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുകയാണ്.

(ശ്രീ. കോവൂർ കുഞ്ഞുമോനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>: സർ, നമ്മുടെ നിയമസഭയിലെ ഒരു പ്രധാനപ്പെട്ട നേതാവിനെതിരെ നടന്ന വധശ്രമം സംബന്ധിച്ച്, ആ കേസുമായി ബന്ധപ്പെട്ട പ്രശാന്ത് ബാബു നടത്തിയ വെളിപ്പെടുത്തലുകൾ ഈ സംസ്ഥാനത്തിലെ മുഴുവൻ ജനങ്ങളേയും ഞെട്ടിപ്പിച്ചിരിക്കുകയാണ്. പക്ഷേ മുഖ്യമന്ത്രിയെയും ആഭ്യന്തര വകുപ്പുമന്ത്രിയെയും അത് തെല്ലും അരോസരപ്പെടുത്തിയില്ല എന്നാണ് അവരുടെ മറുപടിയിൽ നിന്ന് മനസ്സിലാകുന്നത്. ശ്രീ. കെ. സുധാകരനെതിരെ ഒരു കേസ് നിലനിൽക്കുന്നുണ്ട്. അതുകൊണ്ടാണ് മറ്റു തരത്തിൽ പ്രവർത്തിക്കാത്ത തെന്ന ഒരു മറ സൃഷ്ടിച്ചുകൊണ്ട് പ്രശാന്ത് ബാബുവിന്റെ വെളിപ്പെടുത്തലുകളെ ആകെ തമസ്ക്കരിക്കാനാണ് ഗവൺമെന്റ് ശ്രമിച്ചത്. പ്രശാന്ത് ബാബു പറഞ്ഞതെന്താണ്? നാൽപ്പാടി വധക്കേസിലും സേവറി

ഹോട്ടൽ അക്രമിച്ച് നാണുവിനെ കൊലപ്പെടുത്തിയ കേസിലും ടി. കെ. ബാലന്റെ മകനെതിരെ നടന്ന അക്രമത്തിലും ഗൂഢാലോചന നടന്നിട്ടുണ്ട്. ശ്രീ. ഇ. പി. ജയരാജന്റെ കേസ് കൂടാതെ മൂന്ന് കേസുകൾ സംബന്ധിച്ചാണ് വെളിപ്പെടുത്തലുകൾ ഉണ്ടായിട്ടുള്ളത്. ആകെ നാല് കേസ്സുകൾ. ആ മൂന്ന് കേസുകളിലും ഗവൺമെന്റ് എന്ത് നിലപാടാണ് സ്വീകരിക്കാൻ പോകുന്നത്? കണ്ണൂരുമായി ബന്ധപ്പെട്ട എല്ലാ ആളുകൾക്കും അറിയാം, ശ്രീ. കെ. സുധാകരനെതിരെ അനങ്ങാൻ പറ്റില്ലയെന്ന്. അതുകൊണ്ടാണ് കണ്ണൂർ ഡി. സി.സി. പ്രസിഡന്റായിരുന്ന പി. രാമകൃഷ്ണന് കസേര തെറിച്ചുപോയത്. അദ്ദേഹത്തിന് അവിടെ നിരാഹാര സത്യാഗ്രഹം എടുക്കേണ്ടി വന്നത് എന്തു കൊണ്ടാണെന്ന് മുഖ്യമന്ത്രിക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും നല്ലതുപോലെ അറിയാം. നീതിയാണ് നടപ്പിലാക്കുന്നതെങ്കിൽ ഈ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ മറ്റു മൂന്ന് കേസുകളിലും പ്രതി ചേർത്തുകൊണ്ട് അന്വേഷണം നടത്താൻ ഗവൺമെന്റ് തയ്യാറാകുന്നില്ല എന്ന ഒരു വസ്തുത നിലനിൽക്കുകയാണ്. ആ പ്രശ്നങ്ങളിൽ നിന്നും ഒളിച്ചോടാൻ ശ്രമിക്കുന്ന ഗവൺമെന്റിന്റെ നിലപാടുകളിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എ. കെ. ശശീന്ദ്രനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പ സമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

* * * * * * * * * * * * * * * *